# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ജൂൺ–2013 ലക്കം 6**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 03
കെസിബിസി സർക്കുലർ ........................................... 05
സർക്കുലർ ........................................................ 07
രൂപതാകച്ചേരി വാർത്തകൾ .................................... 10
രൂപതാദിനാഘോഷ റിപ്പോർട്ട് .................................. 14
മതബോധനരംഗം ................................................ 17
ചെറുപുഷ്പമിഷൻലീഗ് ........................................... 22
കെ.സി.വൈ.എം. ................................................. 30
കുടുംബപ്രേഷിതത്വം ............................................ 33
വിൻസെന്റ് ഡി പോൾ സൊസൈറ്റി............................ 38
സിയോൺ വാർത്തകൾ ........................................... 42
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................... 45
ജയിൽ മിനിസ്ട്രി ................................................ 46
സാമൂഹ്യ സേവനരംഗം (WSSS)................................ 47
കേരള ലേബർ മൂവ്മെന്റ് ..................................... 50
*Mary Matha Arts & Science College* ......................... 51
*CHRISTIAN CIVIC SERVICE SOCIETY (CCSS)* ...................... 53
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 54
ബിഷപ്സ് പ്രോഗ്രാം ............................................. 55

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 13793/2013***
***Circular No. 08/2013***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,


പരിശുദ്ധ പിതാവ് ബെനഡിക്ട് മാർപ്പാപ്പ പ്രഖ്യാപിച്ച വിശ്വാസ വർഷാചരണത്തിന്റെ മധ്യത്തിൽ എത്തി നിൽക്കുകയാണല്ലോ നമ്മൾ. ഈ ആചരണത്തിന്റെ ഭാഗമായി ഒരു ദിവസം ഒരു പൊതു ആരാധന ലോകമെമ്പാടുമുള്ള ദേവാലയങ്ങളിൽ നടത്തണം എന്നും പരിശുദ്ധ പിതാവ് ആഗ്രഹിച്ചിരുന്നു. പരിശുദ്ധ പിതാവ് വത്തിക്കാൻ ബസിലിയ്ക്കയിൽ നേതൃത്വം കൊടുക്കുന്ന ആരാധനയുടെ അതേസമയത്ത് തന്നെ എല്ലായിടത്തും ആരാധന നടത്തണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നമ്മുടെ ക്രൈസ്തവവിശ്വാസം പരിശുദ്ധകുർബാനയുമായി ബന്ധപ്പെട്ടതാണല്ലോ. അതുകൊണ്ടാണ് വിശ്വാസവർഷത്തിൽ ഇപ്രകാരം ചെയ്യണം എന്ന് നിർദ്ദേശിച്ചിരിക്കുന്നത്.

ഈ വരുന്ന ജൂൺ രണ്ടാം തീയതി ഞായറാഴ്ച രാത്രി എട്ടര മണിമുതൽ ഒമ്പതരവരെ മേൽപ്പറഞ്ഞരീതിയിൽ ആരാധന നടത്താനാണ് നമുക്ക് കിട്ടിയിരിക്കുന്ന നിർദ്ദേശം. അന്ന് ഈശോയുടെ തിരുശ്ശരീരത്തിന്റേയും തിരുരക്തത്തിന്റേയും ഓർമ്മ ആചരിക്കുന്ന ദിവസമാണ്. ഇറ്റാലിയൻ സമയം വൈകുന്നേരം അഞ്ചുമണിയ്ക്ക് ഇപ്പോഴത്തെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ വത്തിയ്ക്കാൻ ബസിലിയ്ക്കയിൽ അപ്രകാരം ആരാധനയ്ക്ക് നേതൃത്വം കൊടുക്കും. അതേസമയത്ത് തന്നെ ലോകത്തിൽ എല്ലായിടത്തും ആരാധന നടത്തണം എന്നാണ് മാർപ്പാപ്പയുടെ ഓഫീസിൽനിന്ന് പറഞ്ഞിരിക്കുന്നത്. ഇറ്റലിയിൽ വൈകുന്നേരം അഞ്ചരയാകുമ്പോൾ ഇന്ത്യയിൽ രാത്രി എട്ടരയാകും. അതുകൊണ്ടാണ് ആ സമയത്ത് ആരാധന നടത്താൻ ആവശ്യപ്പെട്ടിരിക്കുന്നത്.

കത്തീഡ്രൽ ദേവാലയങ്ങളിൽ രൂപതാമെത്രാന്മാരുടെ നേതൃത്വത്തിൽ ആരാധന നടത്തണം എന്നതാണ് പൊതുനിർദ്ദേശം. ഇടവക ദേവാലയങ്ങളിലും സമർപ്പിതസമൂഹങ്ങളുടെ ഭവനങ്ങളിലും ഇപ്രകാരം ചെയ്യുന്നത് ഏറെ അഭികാമ്യമാണ് എന്ന് ഭാരത കത്തോലിയ്ക്കാ മെത്രാൻസമിതിയും കേരള കത്തോലിയ്ക്കാ മെത്രാൻ സമിതിയും അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം ജൂൺ രണ്ടിന് രാത്രി എട്ടര മണിമുതൽ ഒമ്പതര മണിവരെ നമ്മുടെ ഇടവക ദേവാലയങ്ങളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരുടെ ഭവനങ്ങളിൽ ബഹുമാനപ്പെട്ട സുപ്പീരിയർമാരും ആരാധനയ്ക്ക് നേതൃത്വം കൊടുക്കണം. ഈ ആരാധനാ സമയത്ത് നമ്മൾ പ്രത്യേകമായി പരിശുദ്ധപിതാവിന്റെ ദൗത്യങ്ങൾ വിജയിക്കുന്നതിനായും ദൈവത്തിൽനിന്നും ദൈവവിശ്വാസത്തിൽനിന്നും അകലുന്ന ആളുകൾക്ക് വേണ്ടിയും അതുപോലെ വിവിധസഭകൾ തമ്മിൽ ഐക്യം ഉണ്ടാകുന്നതിന് വേണ്ടിയും പ്രാർത്ഥിക്കണം. ലോകം മുഴുവനുമുള്ള കത്തോലിയ്ക്കർ ഒരേ സമയം ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ പ്രാർത്ഥിക്കുന്നത് എത്രയോ ഫലദായകമായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. കർത്താവിന്റ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിയ്ക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽനിന്നും 2013 മെയ് 14 ന് നൽകപ്പെട്ടത്.

യേശുവിൽ,



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലറിൽ പറയുന്ന കാര്യം ഇടവകജനങ്ങളുടെ ശ്രദ്ധയിൽ യഥാവിധി കൊണ്ടുവരുകയും ആരാധന നടത്തുകയും ചെയ്യേണ്ടതാണ്.**

## Kerala Catholic Bishops' Council (KCBC)

കെസിബിസി സർക്കുലർ

Ref: 2657/K-5/KCBC/OL/DS 2 May 2013

### വിശ്വാസവർഷ ദിവ്യകാരുണ്യ ആരാധന

സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസം (ഗലാ. 5:6)

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

വിശ്വാസവർഷത്തിലെ ദിവ്യകാരുണ്യത്തിരുനാൾ ദിനം (Corpus Christi) പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2013 ജൂൺ 2 ഞായറാഴ്ച വത്തിക്കാൻ സമയം വൈകിട്ട് 5 മുതൽ 6 വരെ ദിവ്യകാരുണ്യ ആരാധന നടത്തുകയാണ്. അപ്പസ്തോലികശുശ്രൂഷ സാർവത്രികസഭയിൽ നിർവഹിക്കുന്ന എല്ലാ രൂപതാ മെത്രാന്മാരും മാർപാപ്പായോടു ചേർന്ന് തങ്ങളുടെ ഭദ്രാസനദൈവാലയത്തിൽ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തണമെന്ന് പരിശുദ്ധ സിംഹാസനം നിർദ്ദേശിച്ചിട്ടുണ്ട്.

കെസിബിസി യുടെ തീരുമാനപ്രകാരം 2013 ജൂൺ 2 ഞായറാഴ്ച രാത്രി 8.30 മുതൽ 9.30 വരെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തുന്നതോടൊപ്പം കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര സഭകളിലെ സാധിക്കുന്ന എല്ലാ ഇടവക ദൈവാലയങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും ദിവ്യകാരുണ്യ ആരാധന നടത്തുകയും വിശ്വാസവർഷ വിജയത്തിനായി പ്രാർത്ഥിക്കുകയും സാർവത്രികസഭയോടുള്ള ഐക്യം പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസവർഷാചരണം രൂപതാതലത്തിലും സന്യാസസഭയുടെ ആഭിമുഖ്യത്തിലും സമുചിതമായി നടക്കുന്നുവെന്ന് പ്രതീക്ഷിക്കട്ടെ.

സ്ഥാനത്യാഗം ചെയ്ത പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശ്വാസവർഷത്തിന് ഒരുക്കമായി സഭയ്ക്ക് നൽകിയ അപ്പ സ്തോലിക ലേഖനമായ "വിശ്വാസത്തിന്റെ വാതിലി"ൽ നിർദ്ദേശിച്ച തുപോലെ കത്തോലിയ്ക്കാസഭയുടെ മതബോധനഗ്രന്ഥം, യുവജന മതബോധനഗ്രന്ഥം, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ കൾ എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം എല്ലാ തലങ്ങളിലു മുള്ള വിശ്വാസികൾക്ക് നൽകണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. വിശ്വാസവർഷത്തിലെ ദിവ്യകാരുണ്യത്തിരുനാൾ സമുചിതമായി ആച രിക്കുവാൻ ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉത്ഥിതനായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**+ മാർ ആൻഡ്രൂസ് താഴത്ത്**
പ്രസിഡന്റ്, കെസിബിസി

# മാതാപിതാക്കളും വിശ്വാസ പരിശീലനവും

**സർക്കുലർ**

Prot. No. 844/2013

ജൂൺ മാസം ആരംഭിക്കുന്നതോടെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ ഒരു പുതിയ അദ്ധ്യയനവർഷത്തിലേക്കു പ്രവേശിക്കുകയാണല്ലോ. കുട്ടികളുടെ ബൗദ്ധിക വളർച്ചയിലും അവർക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിലും ഇന്നു മിക്ക മാതാപിതാക്കൻമാരും വളരെയേറെ ശ്രദ്ധിക്കുന്നുണ്ട്; അതു നല്ലതുമാണ്. ഇതോടൊപ്പം തന്നെ നമ്മുടെ സത്വരശ്രദ്ധ പതിയേണ്ട മേഖലകളാണ് അവരുടെ വിശ്വാസപരിശീലനവും അദ്ധ്യാത്മിക വളർച്ചയും. സാർവ്വത്രികസഭ വിശ്വാസവർഷമാചരിക്കുന്ന പശ്ചാത്തലത്തിൽ വിശ്വാസം കൈമാറേണ്ടതിന്റെയും വിശ്വാസ പരിശീലനം നേടേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് ഈ അദ്ധ്യയന വർഷാരംഭത്തിൽ ചിന്തിക്കുക സമുചിതമാണെന്നു കരുതുന്നു.

പുതുതലമുറയുടെ വിശ്വാസപരിശീലനം സഭയിൽ എത്രമാത്രം ഫലപ്രദമായും കാര്യക്ഷമമായും നടക്കുന്നുവോ അതനുസരിച്ചായിരിക്കും സഭയുടെ വളർച്ചയും ഭാവിയും. കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിലും ആദ്ധ്യാത്മിക വളർച്ചയിലും ശ്രദ്ധകൊടുക്കാൻ നാം പരാജയപ്പെടുമ്പോൾ അവർ വഴിതെറ്റാൻ അതു പലപ്പോഴും കാരണമാകും. തത്ഫലമായി അവരുടെ വിശ്വാസം ക്ഷയിക്കുകയും ധാർമ്മിക അപചയം സംഭവിക്കുകയും ചെയ്യുന്നു.

മാതാപിതാക്കളാണു മക്കളുടെ ആദ്യവിശ്വാസപരിശീലകർ. ഒരു ശിശു ഗർഭസ്ഥമാകുന്ന നിമിഷം മുതൽ മാതാപിതാക്കൾക്ക്, പ്രത്യേകിച്ച് അമ്മക്ക് ആ ശിശുവിന്റെ വിശ്വാസജീവിതത്തിൽ സ്വാധീനം ചെലുത്താൻ സാധിക്കും. മാതാപിതാക്കളുടെ അധരങ്ങളിൽനിന്നു കേൾക്കുന്നവയും മാതൃകവഴി ഗ്രഹിക്കുന്നവയും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. അതിനാൽ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള സ്ഥാനം വളരെ വലുതാണ്. സഭയുടെ

അടിസ്ഥാനഘടകമായ കുടുംബങ്ങളിൽ, മാതാപിതാക്കന്മാർ തങ്ങളുടെ വാക്കുകളും മാതൃകകളും വഴി മക്കൾക്കു വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നുനല്കണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ (LG.11) ഓർമ്മിപ്പിക്കുന്നു. വിശ്വാസ രഹസ്യങ്ങളുടെ പ്രഥമ മുന്നോടികളായ മാതാപിതാക്കന്മാർ കുട്ടികളെ ചെറുപ്രായത്തിൽ തന്നെ ആ രഹസ്യങ്ങളിലേക്കു പ്രവേശിപ്പിക്കണം, അവരുടെ ശൈശവത്തിൽ തന്നെ സഭയുടെ ജീവിതവുമായി ബന്ധിപ്പിക്കണം (CCC 2225) എന്നാണ് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുക.

വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണു വിശ്വാസപരിശീലനത്തിന് ആരംഭം കുറിക്കപ്പെടേണ്ടതെന്നു സഭ ഉദ്ബോധിപ്പിക്കുന്നുണ്ടെങ്കിലും മാതാപിതാക്കന്മാർ എല്ലാവരും തങ്ങളുടെ ഗൗരവാവഹമായ ഈ ഉത്തരവാദിത്വത്തിൽ വേണ്ടത്ര താത്പര്യം കാട്ടുന്നുണ്ടോയെന്നു സംശയമാണ്. വിശ്വാസം അറിയാനും സ്വീകരിക്കാനും പരിശീലിക്കാനും വിശ്വാസാനുസൃതമായ ജീവിതശൈലി കരുപ്പിടിക്കാനും കുഞ്ഞുങ്ങൾക്കു ക്രൈസ്തവ കുടുംബങ്ങളിൽ സൗകര്യമുണ്ടാകേണ്ടതുണ്ട്. വിശ്വാസപരിശീലനം പാഠപുസ്തകങ്ങളുടെ പഠനം മാത്രമല്ല, അതു ക്രിസ്തീയ ജീവിതശൈലി അഭ്യസിക്കൽ കൂടിയാണ്. ഇടവക ദൈവാലയത്തിലെ ദൈവാരാധനയിലും സൺഡേസ്കൂൾ വിശ്വാസപരിശീലനങ്ങളിലും മറ്റ് ഇടവകപ്രവർത്തനങ്ങളിലും താത്പര്യപൂർവ്വം പങ്കുചേരാനുള്ള ആഗ്രഹവും സഭാശുശ്രൂഷകരോടുള്ള സമ്പർക്കവുമെല്ലാം കുഞ്ഞുങ്ങൾക്കു മാതാപിതാക്കൾ കുടുംബത്തിൽ നല്കുന്ന പ്രോത്സാഹനത്തെ ആശ്രയിച്ചിരിക്കും.

കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനരംഗത്തു സൺഡേസ്കൂളുകളുടെ പ്രാധാന്യം ഇന്ന് എല്ലാവരും അംഗീകരിക്കുന്നു. ഞായറാഴ്ചയാചരണത്തിന്റെ ഭാഗമായി അവർ വി.കുർബാനയിൽ പങ്കുചേരുകയും ദൈവവചനം ശ്രവിക്കുകയും വിശ്വാസപരിശീലനം നേടുകയും ചെയ്യുന്നു. നമ്മുടെ എല്ലാ ഇടവകകളിലുംതന്നെ സൺഡേസ്കൂളുകൾ ഇന്നു വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നാൽ കുടുംബത്തിൽ നിന്നു ലഭിക്കുന്ന വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാനത്തിൻമേലുള്ള തുടർപരിശീലനമാണു സൺഡേസ്കൂളുകൾ നല്കുക.

കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള വർദ്ധിച്ച ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണു സീറോമലബാർ സഭാ സിനഡ് വിശ്വാസപരിശീലനത്തിൽ

മാതാപിതാക്കളുടെ ദൗത്യത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു പുസ്തകം തയ്യാറാക്കാൻ സഭയുടെ വിശ്വാസപരിശീലനത്തിനു വേണ്ടിയുള്ള സിനഡൽ കമ്മീഷനോടാവശ്യപ്പെട്ടത്. ഇതനുസരിച്ചു നടന്ന ചർച്ചകളുടെയും പരിചിന്തനങ്ങളുടെയും അഭിപ്രായ ക്രോഡീകരണങ്ങളുടെയുമെല്ലാം അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതാണു 'മാതാപിതാക്കളും വിശ്വാസപരിശീലനവും' എന്ന ഗ്രന്ഥം. ഉള്ളടക്കത്തിന്റെ സവിശേഷതകൾകൊണ്ട് ഈ ഗ്രന്ഥം ആഗ്രഹിച്ച ലക്ഷ്യം സാധിക്കുന്നുണ്ടെന്നു പറയുന്നതിൽ സന്തോഷമുണ്ട്.

വിശ്വാസപരിശീലനത്തിൽ മാതാപിതാക്കന്മാരുടെ ദൗത്യത്തെക്കുറിച്ചു സമഗ്രമായി പ്രതിപാദിച്ചിരിക്കുന്ന ഈ പുസ്തകത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ മാതാപിതാക്കളും വായിച്ചു പഠിച്ചു കുട്ടികളെ പരിശീലിപ്പിക്കുവാൻ ശ്രദ്ധിച്ചാൽ നമ്മുടെ സഭയുടെ വിശ്വാസപാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ നാം വിജയിക്കുവാൻ അത് ഇടയാക്കുമെന്നതിൽ സംശയമില്ല. ഈ ഗ്രന്ഥത്തെ മാതാപിതാക്കൾക്കു പരിചയപ്പെടുത്തിക്കൊണ്ട് എല്ലാ ഇടവകകളിലും പ്രബോധനപരിപാടികൾ നടത്താൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. കുടുംബക്കൂട്ടായ്മകൾ, സൺഡേസ്കൂൾ പി.ടി.എ മീറ്റിങ്ങുകൾ, വിവാഹ ഒരുക്ക സെമിനാർ, മാതൃപിതൃ സംഘടനകൾ എന്നിവയിലും ഈ ഗ്രന്ഥം പഠനവിഷയമാക്കേണ്ടതാണ്.

വിശ്വാസപരിശീലനരംഗത്തു മാതാപിതാക്കന്മാരുടെ പങ്കാളിത്തം വർദ്ധമാനമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും സഹായകമാകുന്ന ഈ പുസ്തകം എല്ലാഭവനങ്ങളിലും എത്തിക്കുവാനും മാതാപിതാക്കൻമാരുടെ വായനക്കും പരിചിന്തനത്തിനും വിഷയീഭവിക്കുന്നതിനുതകുന്ന ക്രമീകരണങ്ങൾ ചെയ്യുവാനും ബഹു. വൈദികരും ഈ രംഗത്തുപ്രവർത്തിക്കുന്ന സിസ്റ്റേഴ്സും അല്മായ സഹോദരൻമാരും ശ്രദ്ധിക്കുമല്ലോ.

**+ ജോർജ് ആലഞ്ചേരി**
മേജർ ആർച്ചുബിഷപ്പ്, സീറോ മലബാർ സഭ

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

## പരേതരായ വൈദീകരുടെ സ്മരണ

റവ.ഫാ. മാത്യു കൊല്ലിത്താനം – ജൂൺ 3

റവ.ഫാ. തോമസ് കാട്ടൂർ – ജൂൺ 8

റവ.ഫാ. അബ്രാഹം മൂക്കനോലി – ജൂലൈ 16

നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

## ബൈബിൾ ഞായർ

മെയ് 26-ാം തീയതി ബൈബിൾ ഞായറായി നാം ആചരിച്ചിരുന്നല്ലോ. അന്നേദിവസം എടുത്ത പ്രത്യേക സ്തോത്രക്കാഴ്ച കെ.സി.ബി.സി. യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## പത്രോസിന്റെ കാശ് – ജൂൺ 26

ജൂൺ 29-ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 30-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേക്ക് അയച്ചു കൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സീറോ മലബാർ സഭാദിനം – ജൂലൈ 3

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മത്തിരുനാളാഘോഷം ഈ വിശ്വാസ വർഷത്തിൽ നമ്മുടെ വിശ്വാസ ജീവിതത്തെയും സഭാ സ്നേഹത്തെയും ശക്തിപ്പെടുത്തട്ടെ.

സഭാദിനമായ ജൂലൈ 3–ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേയ്ക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതാ സേവനത്തിനായി കടന്നുവന്ന് തിരിച്ചു പോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. ലക്കിടി വികാരിയായിരുന്ന ബഹു. ചാക്കോ പുതുകുളങ്ങര സി.എം.ഐ. അച്ചനും, ഒലിവുമല വികാരി ആയിരുന്ന ബഹു. റോണി തോട്ടത്തിൽ സി.എം.എഫ്. അച്ചനും ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തനമേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന റവ.ഫാ. തോമസ് വട്ടക്കാട്ട് സി.എം.ഐ. (ലക്കിടി), റവ.ഫാ.സിറിയക് കിഴക്കലാംതടത്തിൽ സി.എം.എഫ്. (ഒലിവുമല), റവ.ഫാ. ആന്റണി പാറയ്ക്കൽ എസ്. ഡി.വി. (അസി.വികാരി അമ്പലവയൽ) എന്നീ വൈദീകർക്ക് സ്വാഗതവും മാനന്തവാടി രൂപതയിലെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുകയും ചെയ്യുന്നു.

**നന്ദിയുടെ ഒരു വാക്ക്**

കഴിഞ്ഞ 7 വർഷക്കാലം മണിമൂളി നിലമ്പൂർ റീജിയന്റെ സിഞ്ചെല്ലൂസ് ആയി സ്തുത്യർഹമായവിധം സേവനം ചെയ്തതിനുശേഷം അവിടെ നിന്നും കേളകത്തേക്ക് സ്ഥലംമാറി പോകുന്ന ബഹു. ജോസ് തേക്കനാടി അച്ചനും കഴിഞ്ഞ 9 വർഷക്കാലം രൂപതയുടെ പ്രൊക്കുറേറ്ററായി സേവനം ചെയ്ത ബഹു. ഗർവ്വാസീസ് മറ്റം അച്ചനും, 9 വർഷക്കാലം രൂപതയുടെ മതബോധന ഡയറക്ടറായി സേവനം ചെയ്ത ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനും, 4 വർഷക്കാലം പാസ്റ്ററൽ സെന്റർ ഡയറക്ടറായി സേവനം ചെയ്ത ബഹു. ഡെന്നീസ് കഴുതാടി അച്ചനും മാനന്തവാടി രൂപതയുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനകളും പുതിയ സേവനരംഗങ്ങളിൽ വിജയാശംസകളും നേരുന്നു.

## TRANSFERS & APPOINTMENTS

| Rev. Father | | Assignment |
|---|---|---|
| 1. | Chakkittakudiyil James | Panamaram (w.e.f. 26-5-13) |
| 2. | Elavunkal Johny | Puthusserikkadavu (w.e.f. 19-5-13) |
| 3. | Kakkonal Manoj | Study |
| 4. | Kappiarumalayil Jose | Deepthigiri |
| 5. | Kattamkottil Joseph | Vilumbukandam |
| 6. | Kattarath Mathew | Vanjode |
| 7. | Kattuthuruthiyil Thomas | Kalpra |
| 8. | Kazhuthadiyil Mathew | Vythiri, Visiting Professor Mangalapuzha Seminary |
| 9. | Koipuram Sebastian | Rubynagar |
| 10. | Kokkandathil John | Nedumpala |
| 11. | Kumbukal James | Edappetty |
| 12. | Kunnath Johny | Thariode |
| 13. | Kuttimakkal James | Manimooly (Syncellus Manimooly - Nilambur Region) |
| 14. | Mampallil Anto | Manjoora |
| 15. | Mangalathil Thomas | Mandya (Rudrakshipura) |
| 16. | Mankottil James | Muthireri |
| 17. | Mannoor Thomas | Retired |
| 18. | Mattam Gervasis | Mandya (Syncellus Hassan Zone) |
| 19. | Mavara Stanislaus | Kammana |
| 20. | Muthirakalayil Joseph | Procurator |
| 21. | Nellikunnel Francis | Arinchermala |
| 22. | Paikkatt Mathew | Kolavayal |
| 23. | Painumkal Jacob | Director, Jesus Youth & Christeen (Add.charge) |
| 24. | Painumkal Kuriakose | Vice Rector, Mount Mary College |
| 25. | Parayil Sebastian | Edivanna |
| 26. | Peedikappara James | Medical Leave (w.e.f. 03-07-13) |
| 27. | Periappuram Mathew | Director, Pastoral Centre, Family Apostolate & Bible Apostolate |
| 28. | Perumattikunnel John | Spiritual Father, Minor Seminary |
| 29. | Ponparackal John | Associate Corporate Manager |
| 30. | Ponthottiyil Thomas | Kunanlady & Bekky |
| 31. | Pulpayil Joseph | Seethamount |
| 32. | Puthukulangara Thomas | Poolapadam & Muttiyel |

| | | |
|---|---|---|
| 33. | Thekkanady Jose | Kelakam |
| 34. | Vadayaparambil Jose | Chithragiri |
| 35. | Valachanath Cyriac | Marakavu (w.e.f. 03-07-13) |
| 36. | Vattakkattu Paul (Roy) | Catechism Director |
| 37. | Vazhakatt Joseph | Mangalassery Resident Vicar & Assistant Director -Zion (Add.charge) |
| 38. | Vazhayil Kurian | Ambalavayal |
| 39. | Veliyath Benny | Leave |
| 40. | Aikkarathazhath Joseph | Assistant Director, Boys Town Assistant Director Social Service Training Centre, Boys Town & Assistant Vicar, Boy's Town |
| 41. | Edakkudiyil Mathew | Personal Secretary to the Curia Bishop, Mount St. Thomas, Kakkanad |
| 42. | Iykkarakanayil Thomas | Nadavayal |
| 43. | Kalambukattu Joseph | Kayyunny |
| 44. | Karuthedath Mathew | Manimooly |
| 45. | Kavalakkadan Varghese | Vice Chancellor, Associate Secretary & Assistant Vicar, Kalpetta. |
| 46. | Muthanikkattu Justin | Study |
| 47. | Onampally Jerry | Kalyan |
| 48. | Palathadathil George | Mullenkolly |
| 49. | Punnakkapadavil Sebastian | Chungakunnu |
| 50. | Puthukattil Jaineesh | Kottiyoor |

**Religious Priests**

| | | |
|---|---|---|
| 2. | Kizhakkalamthottam Cyriac CMF | Olivumala |
| 1. | Vattakkatt Thomas CMI | Lakkidi |
| 4. | Njavarakatt Augustine CST | Karimani |
| 3. | Paracka Antony SDV | Amabalavayal - Asst.Vicar |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാദിനാഘോഷ റിപ്പോർട്ട്

2013 വർഷത്തെ രൂപതാദിനം മെയ് ഒന്ന് ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. രാവിലെ 9.30 ന് അഭിവന്ദ്യ പിതാവ് പതാക ഉയർത്തിയതോടെ ചടങ്ങുകൾക്ക് തുടക്കമായി. ജപമാല പ്രാർത്ഥന യ്ക്കുശേഷം 10.30 ന് വിശുദ്ധ ബലി അർപ്പിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ബലിയിൽ പ്രോട്ടോസിഞ്ചെല്ലൂസ് റവ. മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ, സിഞ്ചെ ല്ലൂസ് റവ.ഫാ. ജോസ് തേക്കനാടി, റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ, പൗരോഹിത്യത്തിന്റെ അമ്പതുവർഷത്തിന്റെ നിറവിൽ ജൂബിലി ആഘോഷിച്ച റവ.ഫാ. സെബാസ്റ്റ്യൻ പാലക്കീൽ എന്നിവർ സഹ കാർമ്മികരായിരുന്നു. വി.ബലി മദ്ധ്യേ പിതാവ് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 12 മണിക്ക് പൊതുസമ്മേളനം ആരംഭിച്ചു. ചെറുപുഷ്പ മിഷൻലീഗിനുവേണ്ടി നടവയൽ ശാഖയിലെ മിഷൻലീഗ് കുട്ടികൾ അവ തരിപ്പിച്ച രംഗപൂജയോടെ സമ്മേളന നടപടികൾ ആരംഭിച്ചു. കുട്ടികൾ അവതരിപ്പിച്ച നൃത്തം അതീവ ഹൃദ്യവും പ്രാർത്ഥനാഭരിതവുമായി രുന്നു. തുടർന്ന് ജീസസ് യൂത്ത് വിശ്വാസവർഷത്തെ കേന്ദ്രബിന്ദുവാക്കി വളരെ മനോഹരമായ സ്കിറ്റ് അവതരിപ്പിച്ചു. ഇതിനുശേഷം സിഞ്ചെ ല്ലൂസ് റവ.ഫാ. ജോസ് തേക്കനാടി ഏവർക്കും സ്വാഗതം ആശംസിച്ച് സംസാരിച്ചു. അദ്ധ്യക്ഷപ്രസംഗം നടത്തിയ പിതാവ് രൂപതയുടെ കഴി ഞ്ഞകാല വളർച്ചയെക്കുറിച്ചും അതിനു നേതൃത്വം നൽകിയ മെത്രാ ന്മാരേയും, വൈദികരേയും, സന്യസ്തരേയും അൽമായരേയും കൃത ജ്ഞതയോടെ അനുസ്മരിക്കുകയും ഈ കൂട്ടായ്മയും സഹകരണവും തുടർന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. സ്തുത്യർഹ മായ സേവനത്തിനുശേഷം ഈ വർഷം മറ്റു സേവന മേഖലകളി ലേയ്ക്ക് മാറുന്ന റവ.ഫാ. ഗർവ്വാസീസ് മറ്റം, റവ.ഫാ. ബെന്നി മുതിര ക്കാലായിൽ, റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ, റവ.ഫാ. ജോസ് തേക്കനാടി എന്നിവരെ പിതാവ് പ്രത്യേകം പരാമർശിക്കുകയും നന്ദിയും ആശംസകളും നേരുകയും ചെയ്തു.

തുടർന്ന് രൂപതയിലെ 2013-ലെ ശ്രേഷ്ഠ പുരസ്കാരം നേടിയ വർക്കുള്ള അവാർഡുകൾ പിതാവ് നൽകി. അവാർഡ് കമ്മിറ്റി ചെയർമാൻ റവ.ഫാ. തോമസ് ജോസഫ് തേരകം അവാർഡ്

ജേതാക്കളെ പരിചയപ്പെടുത്തി സംസാരിച്ചു. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ ക്രൈസ്തവ സാക്ഷ്യത്തോടെ ജീവിച്ച് മാതൃകയായവരാണ് ശ്രേഷ്ഠ പുരസ്കാര ജേതാക്കൾ.

### ശ്രേഷ്ഠ പുരസ്കാരം നേടിയവർ

| | |
|---|---|
| 1. പ്രോലൈഫ് വിഭാഗം | : ശ്രീമതി അമ്പിളി മണിമലതറപ്പേൽ – മണിമൂളി |
| 2. കായികവിഭാഗം | : ശ്രീ. ജേക്കബ് തോമസ് – ചെന്നലോട് |
| 3. കലാസാംസ്കാരികവിഭാഗം | : ശ്രീ. ജോസ് മുട്ടം – നടവയൽ |
| 4. സേവനവിഭാഗം | : സി. മരിയ സെലിൻ SCV വിൻസെന്റ് ഗിരി |
| 5. പൊതുപ്രവർത്തനം | : ശ്രീ. എ.സി. വർക്കി – നടവയൽ |

ബഹുമാനപത്രവും, പതിനായിരം രൂപയും ഉൾക്കൊള്ളുന്നതാണ് രൂപതയുടെ ശ്രേഷ്ഠപുരസ്കാരം.

തുടർന്ന് വർഷങ്ങളായി സഭാ സേവനരംഗത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്നവരെ ആദരിച്ചു. പൗരോഹിത്യശുശ്രൂഷയിൽ 50 വർഷം പൂർത്തിയാക്കിയ ഫാ. സെബാസ്റ്റ്യൻ പാലക്കീൽ, സമർപ്പിത ജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കിയ റവ. സി. പെലാജിയ എസ്. എച്ച്., റവ. സി. ക്ലാരീസ് എസ്.എച്ച്., റവ. സി. വേറോനിക്ക മരിയ എഫ്.സി.സി., റവ. സി. സലോമി എഫ്.സി.സി. മതാധ്യാപന രംഗത്ത് 50 വർഷം പിന്നിടുന്ന സി. സിസിലി സി.എം.സി., സി. പെലാജിയ എഫ്. സി.സി., ശ്രീ. ജോസഫ് ആലുങ്കൽ എന്നിവരെയും മതാധ്യാപന രംഗത്ത് 35 വർഷങ്ങൾ പിന്നിടുന്ന ശ്രീ. പോൾ ഒളപ്പാറ – പയ്യമ്പള്ളി, ശ്രീ. ലൂക്കോസ് കളരിക്കൽ – പുതുശ്ശേരിക്കടവ്, ശ്രീ. ജോസഫ് കാരക്കാട്ട് – അടയ്ക്കാത്തോട്, സി. ജയ എഫ്.സി.സി., സി. ആൻസി ജോസ് എഫ്.സി.സി., സി. സെറീൻ സി.എം.സി., സി. റീത്ത് മരിയ എസ്.എച്ച്., സി. വത്സ ജോസഫ് എസ്.ആർ.എ. എന്നിവരെയും ആദരിച്ചു.

തുടർന്ന് വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ച മാസ്റ്റർ അജയ് ആന്റോ സോയി കൈതാരം, ശ്രീ. ജോജിൻ റ്റി. ജോയി, സി. അൻലിറ്റ് എസ്. എച്ച്, ശ്രീ. ഡിഗോൾ ആര്യപ്പള്ളി എന്നിവരെയും സംസ്ഥാന അധ്യാപക അവാർഡ് ജേതാക്കളായ ശ്രീ. ജേക്കബ് മുക്കത്ത്, ശ്രീ. കുര്യാക്കോസ് ആന്റണി, ശ്രീമതി അച്ചാമ്മ ടീച്ചർ എന്നിവരെയും പരിസ്ഥിതി പ്രോത്സാഹനത്തിന് വിവിധ അവാർഡുകൾ ലഭിച്ച ശ്രീ.തോമസ് സ്റ്റീഫൻ സാറിനേയും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും Bsc. Nursing ന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നിമിഷ

പാലംപറമ്പിലിനെയും ചടങ്ങിൽ ആദരിക്കുകയും പൊന്നാടയണിയിക്കുകയും ചെയ്തു.

അവാർഡ് ജേതാക്കൾക്കും, ആദരിക്കപ്പെട്ടവർക്കും ആശംസകൾ അർപ്പിച്ചുകൊണ്ടും ഏവർക്കും രൂപതാദിന ആശംസകൾ നേർന്നുകൊണ്ടും അജയ് ആന്റോ സോയി സംസാരിച്ചു. ആദരിക്കപ്പെട്ടവർക്കുവേണ്ടി ഫാ. സെബാസ്റ്റ്യൻ പാലക്കീൽ മറുപടി പ്രസംഗം നടത്തി.

സമ്മേളനത്തിൽ വച്ച് ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ അംഗത്വവിതരണ ഉദ്ഘാടനവും, സി. മേഴ്സി SABS രചിച്ച "വിശ്വാസത്തിന്റെ വാതിൽ" എന്ന പുസ്തകത്തിന്റെ പ്രകാശനവും അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുകയുണ്ടായി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ സമ്മേളന പരിപാടികൾ സമാപിച്ചു.

രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നായി രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ, എല്ലാ സമൂഹങ്ങളുടെയും മേജർ സൂപ്പീരിയേഴ്സ് എല്ലാ സന്യാസഭവനങ്ങളുടെയും സുപ്പീരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകയിലെ നടത്തുകൈക്കാരന്മാർ, സെക്രട്ടറിമാർ, ദേവാലയശുശ്രൂഷികൾ, സൺഡേ സ്കൂൾ പ്രധാനാധ്യാപകർ, വിവിധ സംഘടനകളുടെ രൂപതാഭാരവാഹികൾ, രൂപതയിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., എന്നിവയുടെ പ്രധാന അധ്യാപകർ, ഇടവകയിലെ വിശ്വാസവർഷാചരണ കമ്മിറ്റി കൺവീനർമാർ എന്നീ വിഭാഗങ്ങളിൽ നിന്നായി തൊള്ളായിരത്തിൽ അധികം വ്യക്തികൾ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാദിനാഘോഷങ്ങൾ സുന്ദരവും മനോഹരവുമാക്കാൻ സഹായിച്ച എല്ലാവരെയും വളരെ പ്രത്യേകമായി വിവിധ കമ്മിറ്റി കൺവീനർമാരായി പ്രവർത്തിച്ച ബിഷപ്സ് ഹൗസിലെയും പാസ്റ്ററൽ സെന്ററിലെയും എല്ലാ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്റ്റാഫംഗങ്ങളെയും സീയോൻ ധ്യാനകേന്ദ്രത്തിലെ സിസ്റ്റേഴ്സിനെയും വിവിധ സംഘടനാപ്രവർത്തകരെയും മേജർ സെമിനാരി വിദ്യാർത്ഥികളെയും ഡിഗ്രി ബ്രദേഴ്സിനെയും പലവിധത്തിൽ സഹായ സഹകരണങ്ങൾ ചെയ്തു തന്ന എല്ലാവരെയും ഓർക്കുകയും ഏവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മതബോധനരംഗം

കൃതജ്ഞതാപൂർവ്വം ബെന്നി അച്ചന്,

നീണ്ട ഒൻപത് വർഷങ്ങൾ.... മാനന്തവാടി രൂപതയുടെ മതബോധനരംഗം അക്ഷരാർത്ഥത്തിൽ പ്രവർത്തന നിരതമായിരുന്നു. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ട തന്റെ പൗരോഹിത്യ ജീവിതത്തിലെ വിലപ്പെട്ട ഒൻപത് വർഷങ്ങൾ മാനന്തവാടി രൂപതയുടെ കുഞ്ഞുമക്കളുടെ വിശ്വാസ പരിശീലനത്തിനായി മാറ്റിവച്ച ബഹു. ബെന്നി മുതിരക്കാലായിലച്ചൻ. രൂപതയിലെ മതബോധന പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിച്ച് കാലത്തിനനുസൃതമായി അതിനെ നവീകരിച്ച്, വിശ്വാസ പരിശീലനത്തെ ഉന്നതമായ നിലവാരത്തിലേക്ക് ഉയർത്തിയ ബെന്നിയച്ചൻ മെയ് 19 ന് മാനന്തവാടി രൂപതയുടെ പ്രൊക്കുറേറ്റർ ആയി സേവനം ആരംഭിച്ചിരിക്കുന്നു. അച്ചന്റെ ആഴമേറിയ പ്രാർത്ഥനാ ജീവിതവും ശാന്തമായ പെരുമാറ്റവും ലാളിത്യ പൂർണ്ണമായ ജീവിതവും ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വത്തോടുള്ള ആത്മാർത്ഥതയും, കഠിനാദ്ധ്വാനവും രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകി. അച്ചനോടുള്ള നന്ദിയും കടപ്പാടും പ്രാർത്ഥനയായ് സമർപ്പിക്കുമ്പോൾ പുതിയ സേവന മേഖലയിൽ അച്ചന് എല്ലാവിധ വിജയാശംസകളും നേരുന്നു.

### ഹൃദയപൂർവ്വം നന്ദി

കഴിഞ്ഞ വർഷങ്ങളിൽ ഫൊറോന ഡയറക്ടർമാരായി വിശ്വാസ പരിശീലന രംഗത്തെ ഭംഗിയായും ഫലപ്രദമായും നയിച്ച ബഹു. സോമി വടയാപറമ്പിൽ അച്ചൻ (ചുങ്കക്കുന്ന്), ബഹു. ഫ്രാൻസീസ് നെല്ലിക്കുന്നേൽ അച്ചൻ (ബത്തേരി), ബഹു. കുര്യൻ വാഴയിൽ അച്ചൻ (നീലഗിരി), ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചൻ (നിലമ്പൂർ), എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. പുതിയ ഇടവകകളിൽ എല്ലാ ആശംസകളും പ്രാർത്ഥനകളും.

## പുതിയ അധ്യയനവർഷം

2013-2014 അധ്യയനവർഷം മെയ് 26-ന് ആരംഭിച്ചു. ഈ വർഷത്തെ വിശ്വാസ പരിശീലനം ഏറ്റവും ഫലപ്രദമായി തീരുവാനായി നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസ പരിശീലന രംഗത്ത് ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവരേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു. ഉന്നതവിദ്യാഭ്യാസം, വിവാഹാന്തസ്സിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ.... തുടങ്ങിയ കാരണങ്ങളാൽ താൽക്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

പുതുതായി വിശ്വാസ പരിശീലനരംഗത്ത് സേവനമനുഷ്ഠിക്കുവാൻ കടന്നുവരുന്ന അധ്യാപകരെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ, കുട്ടികളുടെ പരീക്ഷകളുടെ ഫലത്തെയും, വിശ്വാസ ജീവിത പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ കഴിഞ്ഞവർഷത്തെ വിലയിരുത്തുകയും പുതിയ വർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യണം. മതബോധനക്ലാസുകൾ നഷ്ടപ്പെടുത്താതെ, രൂപതാ കലണ്ടറും സിലബസ്സും അനുസരിച്ച് ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരുടേയും പരിശ്രമം ആവശ്യമാണ്. പുതിയ അധ്യയനവർഷത്തിൽ എല്ലാവർക്കും വിജയാശംസകൾ.

## അധ്യാപക പരിശീലനം

കഴിഞ്ഞമാസത്തെ ബുള്ളറ്റിനിലൂടെ അറിയിച്ചതുപോലെ അധ്യാപകർക്കുള്ള പരിശീലനക്ലാസ് ക്ലാസടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. പുതുതായി അധ്യാപനരംഗത്തേക്ക് വരുന്നവർ ഏതു ക്ലാസിലാണെങ്കിലും ആമുഖ സെമിനാറിലാണ് സംബന്ധിക്കേണ്ടത്.

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവർ മറ്റ് ക്ലാസുകളിലേക്ക് മാറിയിട്ടുണ്ടെങ്കിൽ (Class Change) അവർ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അതാതുക്ലാസിലെ പരിശീലനത്തിൽ പങ്കെടുക്കണം. അധ്യാപകരുടെ സൗകര്യം കണക്കിലെടുത്ത് ഈ വർഷം രണ്ടുഘട്ടമായാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

| ക്ലാസ് | തീയതി | സമയം | സ്ഥലം |
|---|---|---|---|
| VIII, IX, X, XI, XII | ജൂൺ 8 | 9.30-4.00 | ദ്വാരക |
| II, III, IV, V, VI, VII | ജൂൺ 15 | 9.30-4.00 | ദ്വാരക |

പരിശീലനത്തിന് വരുന്നവർ പാഠപുസ്തകം, നോട്ടുബുക്ക്, ഫീസ് Rs. 75/- എന്നിവയും, കൊണ്ടുവരാൻ ശ്രദ്ധിക്കുക.

**ആമുഖ സെമിനാർ**

പുതുതായി വിശ്വാസ പരിശീലന രംഗത്ത് അധ്യാപകരായി വരുന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏതു ക്ലാസിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖ സെമിനാറിൽ സംബന്ധിക്കണം. താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അതാത് ഫൊറോനകളിലെ അധ്യാപകർ സംബന്ധിക്കണം.

ജൂൺ 21, 22, 23 – ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യംമ്പള്ളി, തരിയോട്.

ജൂലൈ 19, 20, 21 – മുള്ളൻകൊല്ലി, ബത്തേരി, കൽപ്പറ്റ, നടവയൽ, നീലഗിരി.

ഫീസ് Rs. 250/– സമയം : സെമിനാർ തുടങ്ങുന്ന ദിവസം വൈകുന്നേരം 5 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4.00 മണിവരെ സ്ഥലം : ദ്വാരക പാസ്റ്ററൽ സെന്റർ. അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ പഠിപ്പിക്കുന്ന ക്ലാസിലെ പാഠപുസ്തകം, നോട്ടുബുക്ക്, ബൈബിൾ..... എന്നിവ കൊണ്ടുവരണം.

**പ്രത്യേക ശ്രദ്ധയ്ക്ക്**

അധ്യാപക പരിശീലനത്തിന് വരുന്നവർ (ആമുഖസെമിനാറിനും, മറ്റ് പരിശീലനത്തിനും) നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. (ഫോൺ : 04935 – 245094)

**എന്റെ വചനഡയറി**

വിശുദ്ധഗ്രന്ഥ പഠനാർത്ഥം കുട്ടികളുടെ പരിശീലനത്തിന് നമ്മൾ ഉപയോഗിക്കുന്ന 'എന്റെ വചനഡയറി' ഫലപ്രദമായി നടപ്പാക്കുവാൻ അധ്യാപകരുടെ നിരന്തരമായ ശ്രദ്ധ ആവശ്യമാണ്. വചനഡയറി അതിന്റെ ലക്ഷ്യം സാധിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം.

## HDC, DCC Registration

അടുത്ത അധ്യയന വർഷത്തേക്കുള്ള HDC, DCC കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂൺ 27–ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക.

## SELOC രൂപത പ്രതിഭകൾ

മെയ് 11–ന് ദ്വാരക പാസ്റ്റൽ സെന്ററിൽ നടന്ന SELOC കുട്ടികളുടെ രൂപത ക്യാമ്പിൽ SELOC രൂപത പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ:

എബിൻ ജിജോ മുക്കാനിക്കൽ – മൂലങ്കാവ്
ജിൽ കടിയാങ്കൽ – മാർട്ടിൻനഗർ

അമല വാഴപറമ്പിൽ - അമരക്കുനി
ഡോണ പൂവൻ - പയ്യമ്പള്ളി

പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ

## സ്കോളർഷിപ്പ് 2012-2013 - കല്ലോടി മേഖല

### Std. V

| | | | |
|---|---|---|---|
| 1. | എയ്ഞ്ചൽ മരിയ മുണ്ടക്കാത്തടത്തിൽ | കൊമ്മയാട് | 84 I |
| 2. | മരിയ കരിന്തോളിൽ | കൊമ്മയാട് | 82 II |
| 3. | മെറിൻ ചൊവ്വാറ്റുകുന്നേൽ | ദ്വാരക | 82 II |
| 4. | ഏലിയാമ്മ അരീക്കൽ | കല്ലോടി | 79 III |

### Std. VI

| | | | |
|---|---|---|---|
| 1. | മെൽബിൻ മാതേക്കൽ | ചുള്ളിയാന | 86 I |
| 2. | ഫിലോമിന പാലക്കൽപുത്തൻപുര | കല്ലോടി | 86 I |
| 3. | ഗ്രേസി കൊല്ലംപറമ്പിൽ | കല്ലോടി | 86 I |
| 4. | ഷിബിന പടിഞ്ഞാറെക്കര | ജൂഡ്സ്മൗണ്ട് | 85 II |
| 5. | പ്രിയ സ്രാത്താഴത്ത് | കാരക്കാമല | 83 III |

### Std. VIII

| | | | |
|---|---|---|---|
| 1. | ബ്ലസിമോൾ നടുപ്പറമ്പിൽ | പുതുശ്ശേരി | 89 I |
| 2. | അന്നമ്മ പൊട്ടനാനിക്കൽ | തോണിച്ചാൽ | 88 II |
| 3. | സോനറ്റ് പെരുമാട്ടിക്കുന്നേൽ | മക്കിയാട് | 81 III |
| 4. | ശില്പ മാഞ്ചേരിൽ | വെള്ളമുണ്ട | 81 III |
| 5. | ആൻബിൻ മാത്യു മാതേക്കൽ | ചുള്ളിയാന | 81 III |
| 6. | അഭിഷ തേവർമഠം | ജൂഡ്സ്മൗണ്ട് | 81 III |

### Std. IX

| | | | |
|---|---|---|---|
| 1. | ആനിമോൾ പാലക്കൽ | വഞ്ഞോട് | 91 I |
| 2. | മരിയ രാമപുരത്ത് | മക്കിയാട് | 90 II |
| 3. | മെറിൻ പെരുമാട്ടിക്കുന്നേൽ | മക്കിയാട് | 90 II |
| 4. | ടീന തേവർകുന്നേൽ | ദ്വാരക | 87 III |

## സ്കോളർഷിപ്പ് 2012-2013 വർഷം നടവയൽ മേഖല സ്കോളർഷിപ്പ് ലഭിച്ചവർ

### IV -ാം ക്ലാസ്

| | | |
|---|---|---|
| ജോസിയ കുരീക്കാട്ടിൽ | - നെയ്ക്കുപ്പ | Ist |
| ജീസ പുത്തൻപുര | - നടവയൽ | Ist |
| മാത്യു കരിപ്പാല | - വിളമ്പുകണ്ടം | IInd |
| അലൻ മറ്റപ്ലാക്കൽ | - നടവയൽ | IInd |
| ജേക്കബ് തേങ്ങാപാറയിൽ | - കല്ലുവയൽ | IInd |

### V -ാം ക്ലാസ്

| | | |
|---|---|---|
| ജസ്റ്റീന കുമ്പളക്കുഴി | - വിളമ്പുകണ്ടം | Ist |
| മേരി തച്ചൻക്കോട്ട് | - കല്ലുവയൽ | IInd |
| കെൻജവാൻ പന്നിക്കോട്ടിൽ | - നടവയൽ | IIIrd |

### VI -ാം ക്ലാസ്

| | | |
|---|---|---|
| തേജസ് പള്ളത്ത് | - നടവയൽ | Ist |
| ആർദ്ര പാലംപറമ്പിൽ | - പറളിക്കുന്ന് | IInd |
| ജെറോം ചെറിയവടയിൽ | - കല്ലുവയൽ | IInd |

### VII -ാം ക്ലാസ്

| | | |
|---|---|---|
| ഷാമ പുതുകുളങ്ങര | - പറളിക്കുന്ന് | Ist |
| സനിറ്റ കുന്നുമ്മേൽ | - ചെറുകാട്ടൂർ | IInd |
| മരിയ പിട്ടാപ്പിള്ളിൽ | - കല്ലുവയൽ | IInd |
| ഫെബിൻ പറമ്പിൽ | - നടവയൽ | IInd |

### VIII -ാം ക്ലാസ്

| | | |
|---|---|---|
| ശാലിനി കളപ്പുരയ്ക്കൽ | - കുറുമ്പാലക്കോട്ട | Ist |
| ഡോണ പാനാനിക്കൽ | - കുറുമ്പാലക്കോട്ട | IInd |
| ഡോൺ വെണ്ണായപ്പിള്ളിൽ | - നടവയൽ | IIIrd |

### IX -ാം ക്ലാസ്

| | | |
|---|---|---|
| അമലു മാക്കിയിൽ | - വിളമ്പുകണ്ടം | Ist |
| ലിനു കരിക്കേടത്ത് | - നടവയൽ | IInd |
| ത്രേസ്യ വേങ്ങച്ചുവട്ടിൽ | - കേണിച്ചിറ | IIIrd |

### X -ാം ക്ലാസ്

| | | |
|---|---|---|
| ത്രേസ്യ തുറുവേലിക്കുന്നേൽ | - ചുണ്ടക്കര | Ist |
| ത്രേസ്യ പാലക്കലോടി | - ചുണ്ടക്കര | IInd |
| മരിയ പുളിക്കൽ | - പറളിക്കുന്ന് | IIIrd |

### XII -ാം ക്ലാസ്

| | | |
|---|---|---|
| ഹൈയ്ന കൂനംമാക്കിൽ | - വിളമ്പുകണ്ടം | Ist |
| അന്നമ്മ തൈപ്പറമ്പിൽ | - കല്ലുവയൽ | IInd |
| ജിൽന പുറപ്പള്ളിൽ | - നടവയൽ | IIIrd |

### Best Performance

Ist - നടവയൽ

IInd - വിളമ്പുകണ്ടം

IIIrd - പറളിക്കുന്ന്

**ഫാ. റോയി വട്ടക്കാട്ട്** - മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളേ,

വിജയകരമായ ഒരു പ്രവർത്തനവർഷംകൂടി കടന്നുപോവുകയാണ്. ഈ അവസരത്തിൽ കഴിഞ്ഞ പ്രവർത്തനവർഷത്തിൽ രൂപതയ്ക്ക് നൽകിയ എല്ലാ സഹകരണത്തിനും പ്രോത്സാഹനത്തിനും ഹൃദ്യമായ നന്ദി. ഏതൊരു സംഘടനയുടെയും വിജയത്തിനു പിന്നിൽ വികാരിയച്ചൻമാരുടെ പങ്ക് വളരെ വലുതാണ്. മാനന്തവാടി രൂപത മിഷൻലീഗ് സംസ്ഥാനത്തെ മികച്ചതാണെങ്കിൽ അതിനുപിന്നിൽ പ്രിയ അച്ചൻമാരുടെ താൽപര്യവും അധ്വാനവുമാണെന്ന് വ്യക്തമായ ബോധ്യമുണ്ട്. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. വികാരിയച്ചനോട് ചേർന്ന് സംഘടനയെ മുന്നോട്ടു നയിക്കുന്ന എല്ലാ സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു.

മേഖലകളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്ന മേഖലാ ഡയറക്ടർ അച്ചന്മാരെയും, ഭാരവാഹികളെയും സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി മേഖലകളിൽ നിന്ന് സ്ഥലംമാറിയ ജെയിംസ് മാങ്കോട്ടിൽ അച്ചനെയും, ജോസ് കപ്യാരുമലയിൽ അച്ചനെയും, ബിജു പുന്നക്കാപടവിൽ അച്ചനെയും, സി. ലിന്റ, സി. റ്റെയ്സി, സി. ബെറ്റ്സി, സി. നൈസി, സി. പുഷ്പ എന്നിവരെയും നന്ദിപൂർവ്വം ഓർക്കുകയും, പുതിയ പ്രവർത്തന മേഖലകളിൽ വിജയം ആശംസിക്കുകയും ചെയ്യുന്നു.

വളരെ പ്രത്യേകമായി കഴിഞ്ഞ 3 വർഷക്കാലം സംഘടനയെ വളരെ വിജയകരമായ രീതിയിൽ നയിച്ച രഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടത്തിൽ, ദിൽന കാവനമാലിൽ, ഡോളി പാറേക്കുടിയിൽ, ബിനീഷ് തുമ്പിയാംകുഴി, ലിനു പൊട്ടക്കൽ, സിനി പേര്യക്കോട്ടിൽ, ജോൺസൺ ചിറായിൽ, സജി തറപ്പുതൊട്ടിയിൽ, ജോയി മേപ്പാടത്ത്, ഡയാന കൊട്ടാരത്തിൽ, ജോസ് മുണ്ടിയാനി, ഷാജി ചന്ദനപ്പറമ്പിൽ

ഇവരെ നന്ദിയോടെ ഓർക്കുകയും, പ്രതിഫലേച്ഛ കൂടാതെയുള്ള അവരുടെ അധ്വാനത്തിനും, ആത്മാർത്ഥ സേവനത്തിനും ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒപ്പംതന്നെ 3 വർഷക്കാലം ഓഫീസ് കാര്യങ്ങൾ ഭംഗിയായി ക്രമീകരിച്ച് സ്ഥലം മാറിപോകുന്ന സി. ഫൗസ്റ്റക്ക് സ്നേഹം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ വിജയം ആശംസിക്കുന്നു.

പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുന്നു. ഒപ്പം പുതിയ അധ്യയന വർഷത്തിലേയ്ക്കും. രണ്ടും വിജയകരമാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. പ്രാർത്ഥിക്കാം. എല്ലാ വിജയാശംസകളും നേരുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. സോണി വടയാപറമ്പിൽ**

സി.എം.എൽ. രൂപതാ ഡയറക്ടർ

## രൂപതാ ജൂണിയർ ക്യാമ്പ്

സി.എം.എൽ. മാനന്തവാടി രൂപത ജൂണിയർക്യാമ്പ് മെയ് 2, 3 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ. ജെയ്സ് ചെട്ട്യാശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. സോണി വടയാപറമ്പിൽ, സി. ലിസ എസ്.കെ.ഡി., രഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, അജീഷ് ഇടപ്പാട്ട്, സോയി കൈതാരം, ജിജിൽ കിഴക്കരക്കാട്ട്, ഷാജി ചന്ദനപറമ്പിൽ, ബിനീഷ് തുമ്പിയാംകുഴി, ജോൺസൻ ചിറായിൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിന് നേതൃത്വം നൽകിയവരെയും ക്ലാസെടുത്തവരെയും നന്ദിയോടെ സ്മരിക്കുന്നു.

## രൂപതാ സീനിയർ ക്യാമ്പ്

ഈ പ്രവർത്തനവർഷത്തെ സീനിയർക്യാമ്പ് 4, 5, 6 തീയതികളിൽ ദ്വാരകയിൽ വെച്ച് നടന്നു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെയ്സ് ചെട്ട്യാശ്ശേരി ഉദ്ഘാടനം ചെയ്തു. ക്യാമ്പിന് ഫാ. സോണി വടയാപറമ്പിൽ, സി. ലിസ എസ്.കെ.ഡി., ബിനു മാങ്കൂട്ടം, രഞ്ജിത്ത് മുതുപ്ലാക്കൽ, ബിജു ചിറ്റേടം, ബെന്നി വെട്ടിയ്ക്കൽ, തോമസ് കല്ലറയ്ക്കൽ, ഷാജി ചന്ദനപ്പറമ്പിൽ, ജോൺസൻ ചിറായിൽ, ഡോളി പാറേക്കുടിയിൽ, ജോയി മേപ്പാടം, ബിനീഷ് തുമ്പിയാംകുഴി, ജോണി അമ്പാട്ട്, തുടങ്ങിയവർ നേതൃത്വം നൽകി.

## ഗൂഡല്ലൂർ മേഖലാക്യാമ്പ്

ഗൂഡല്ലൂർ മേഖലാക്യാമ്പ് 7, 8 തീയതികളിൽ മച്ചിക്കൊല്ലിയിൽ നടന്നു. ബിജു ചിറ്റേടം, ഫാ. സോണി വടയാപറമ്പിൽ, സി. ലിസ എസ്. കെ.ഡി., സോയി കൈതാരം, ഷാജി ചന്ദനപ്പറമ്പിൽ, നിധിൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## രൂപതാ കൗൺസിൽ

ശാഖാ, മേഖലാ, രൂപത ഭാരവാഹികൾ സംഗമിക്കുന്ന രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 8-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. കൗൺസിലിൽ ശാഖാ മേഖലാ രൂപതാ ഭാരവാഹികളെല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൗൺസിലിൽ അടുത്ത പ്രവർത്തന വർഷത്തെ മാർഗ്ഗരേഖ പ്രകാശനം നടത്തുന്നതാണ്.

## ശാഖാ തിരഞ്ഞെടുപ്പ്

വരുന്ന പ്രവർത്തന വർഷത്തിലെ ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജൂൺ 8-നു മുമ്പ് നടത്തേണ്ടതാണ്. പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളാണ് കൗൺസിലിൽ പങ്കെടുക്കേണ്ടത്.

## ലഹരിവിരുദ്ധ കൂട്ടയോട്ടം

സി.എം.എൽ. രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ കൂട്ടയോട്ടം സംഘടിപ്പിച്ചു. കൂട്ടയോട്ടം രൂപതാഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. കുമാരി മെർലിൻ തുമ്പക്കാനായിൽ ലഹരിവിരുദ്ധ സന്ദേശം നൽകി.

## നന്ദിപൂർവ്വം

ഒരു പ്രവർത്തനവർഷംകൂടി അവസാനിക്കുന്നു ഒപ്പം ഈ ഭരണ സമിതിയുടെ കാലയളവും അവസാനിക്കുകയാണ്. ഈകാലമത്രയും രൂപത പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും സമിതിക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അഭിവന്ദ്യ പിതാവിന് രൂപതാസമിതിയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

സാന്നിധ്യംകൊണ്ടും നിർദ്ദേശങ്ങൾകൊണ്ടും ഞങ്ങൾക്ക് താങ്ങും തണലുമായി നിലകൊണ്ടിരുന്ന ബഹു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിനും രൂപതാസമിതിയുടെ അകൈതവമായ നന്ദി അറിയിക്കുന്നു.

രൂപതാ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന മാനന്തവാടി

രൂപതയിലെ വൈദികർ, സിസ്റ്റേഴ്സ്, അല്മായ നേതാക്കൾ എന്നിവർക്ക് രൂപതാ സമിതിയുടെ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

ശാഖാ മേഖലാ രൂപതാ പ്രവർത്തനങ്ങളോട് ചേർന്ന് നിന്ന് പ്രവർത്തിക്കുന്ന ബഹു. മേഖലാ ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, ശാഖാ ഭാരവാഹികൾ, മേഖലാ ഭാരവാഹികൾ, രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾ എല്ലാവർക്കും രൂപതാസമിതിയുടെ ഹൃദ്യമായ നന്ദി. ഇപ്പോൾ സംഘടനയെ നയിച്ചുകൊണ്ടിരിക്കുന്ന റവ.ഫാ. സോണി വടയാപറമ്പിലച്ചനേയും രൂപതാ ഭാരവാഹികളേയും ഏറെ നന്ദിയോടെ സ്മരിക്കട്ടെ. വരുന്ന പ്രവർത്തനവർഷത്തിൽ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുന്നു.

## ഫൗസ്റ്റ സിസ്റ്റർക്ക് ഒത്തിരി നന്ദി

കഴിഞ്ഞ മൂന്നുവർഷങ്ങളിൽ സംഘടനയുടെ ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി അടുക്കും ചിട്ടയോടും കൂടി ചെയ്ത ഓഫീസ് സെക്രട്ടറി സിസ്റ്റർ ഫൗസ്റ്റ സ്ഥലം മാറിപോകുന്നു. രൂപതയ്ക്ക് വേണ്ടി, സംഘടനയ്ക്ക് വേണ്ടി ചെയ്തു തന്ന സേവനങ്ങൾ ഏറെ വലുതാണ്. സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച രൂപതയാകുന്നതിൽ റിക്കോർഡുകൾ കൃത്യമായി ക്രമീകരിച്ചത് സിസ്റ്ററായിരുന്നു. സിസ്റ്ററിന്റെ പുതിയ പ്രവർത്തന മേഖലയിൽ ദൈവാനുഗ്രഹമുണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

## അർച്ചന സിസ്റ്ററിന് സ്വാഗതം

സംഘടനയിലൂടെ വളർന്ന, സംഘടനയെ സ്നേഹിക്കുന്ന സി. അർച്ചന സി.എം.സി. യാണ് പുതിയ ഓഫീസ് സെക്രട്ടറി. സിസ്റ്ററിന് സുസ്വാഗതം.

## അഭിനന്ദനങ്ങൾ, ആശംസകൾ

നീണ്ട ഒൻപതുവർഷക്കാലം രൂപതയുടെ മതബോധന ഡയറക്ടറായി സേവനം ചെയ്ത് രൂപതയുടെ പ്രൊക്കുറേറ്റർ ആയി ബിഷപ്സ് ഹൗസിലേയ്ക്ക് സ്ഥലം മാറുന്ന ബെന്നി മുതിരക്കാലായിൽ അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

നാലു വർഷക്കാലം പാസ്റ്ററൽ സെന്റർ ഡയറക്ടറായി സേവനം ചെയ്ത് വൈത്തിരി വികാരിയും ആലുവ സെമിനാരി വിസിറ്റിംഗ് പ്രൊഫസറുമായി പോകുന്ന ഡെന്നീസ് കഴുതാടിയിൽ അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

പാസ്റ്ററൽ സെന്ററിന്റെ പുതിയ ഡയറക്ടറായി കടന്നുവന്ന ജോഷി പെരിയപ്പുറം അച്ചനും, മതബോധന ഡയറക്ടറായി ഉത്തര വാദിത്വമേറ്റ റോയി വട്ടക്കാട്ടച്ചനും പ്രവർത്തന മേഖലകളിൽ വിജയാ ശംസകൾ നേരുന്നു.

**മിഷൻ ക്വിസ്**

മിഷൻലീഗിന്റെ എല്ലാ രൂപത ഡയറക്ടേഴ്സിന്റെയും അഭി പ്രായം സ്വീകരിച്ച് ഈ വിശ്വാസവർഷത്തിൽ ബൈബിൾ ക്വിസ് എന്ന മത്സരത്തിനു പകരം മിഷൻ ക്വിസ് ക്രമീകരിക്കാൻ സംസ്ഥാന സമിതി തീരുമാനിച്ചിരിക്കുന്നു. മിഷൻലീഗ് അംഗങ്ങൾ മിഷൻക്വിസിനുവേണ്ടി പഠിക്കേണ്ട ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

ജൂണിയർ - വിശ്വാസം ജീവിച്ചവർ 50% (പി.ഒ.സി. പ്രസിദ്ധീക രണം) രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ (സഭയുടെ പ്രേഷിത പ്രവർത്തനം) 1, 2 അധ്യായം 25% പി.ഒ.സി. പ്രസിദ്ധീകരണം, സഭ, സംഘടന 25%.

സീനിയേഴ്സ് - വിശ്വാസം ജീവിച്ചവർ 50% (പി.ഒ.സി. പ്രസിദ്ധീ കരണം) രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ (സഭയുടെ പ്രേഷിത പ്രവർത്തനം) 1, 2 അധ്യായം 25% പി.ഒ.സി. പ്രസിദ്ധീകരണം, സഭ, സംഘടന 25%

സൂപ്പർ സീനിയേഴ്സ് - യു ക്യാറ്റ് 40% (ഭാഗം 1 നം. 1 മുതൽ 165 വരെ) പേജ് 14 മുതൽ 99 വരെ., വിശ്വാസം ജീവിച്ചവർ 20% (പി.ഒ.സി. പ്രസിദ്ധീകരണം), സഭ സംഘടന 20%, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ, (സഭയുടെ പ്രേഷിത പ്രവർത്തനം) 1, 2 അധ്യായം 20%.

വിശ്വാസം ജീവിച്ചവർ എന്ന പുസ്തകം ദ്വാരക ബുക്കു സ്റ്റാളിലും സി.എം.എൽ. ഓഫീസിലും ലഭ്യമാണ്. വില - 100 രൂപ.

യു ക്യാറ്റ് ദ്വാരക ബുക്കുസ്റ്റാളിലും, കെ.സി.വൈ.എം. ഓഫീ സിലും ലഭ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി ഒന്ന്, രണ്ട് അധ്യായങ്ങൾ ബഹു. ജോ.ഡയറക്ടർ സിസ്റ്റേഴ്സ് സി.എം.എൽ. അംഗങ്ങൾക്ക് ലഭ്യമാക്കുമല്ലൊ.

**ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

അംഗത്വ ലിസ്റ്റിന്റെ 3 കോപ്പികൾ, വാർഷിക റിപ്പോർട്ട്,

കുടിശികകൾ (മിഷൻഞായർ, കലണ്ടർ, പലതുള്ളി, സംസ്ഥാന വിഹിതം) ഇനിയും ഏൽപ്പിക്കാത്തവർ എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## Work camp

സി.എം.എൽ. എക്സിക്യൂട്ടീവ് അംഗങ്ങൾ കുറുമണിശാഖയിൽ വർക്ക് ക്യാമ്പ് നടത്തി.

## പലതുള്ളി തന്ന ശാഖകൾ

റൂബിനഗർ-150, ബത്തേരി-500, നെടുമ്പാല-150, പുതുശ്ശേരിക്കടവ് -150, പട്ടാണികൂപ്പ്-150, കരിമാനി-340.

## കാണിക്ക തന്ന ശാഖകൾ

പാൽച്ചുരം-400, കേളകം-600, എടപ്പെട്ടി-500, നെടുമ്പാല-100, ചെന്നലോട്-900, അമ്പലവയൽ-500, റൂബിനഗർ-650, പനവല്ലി-150, ബത്തേരി-860, ജൂഡ്സ്മൗണ്ട്-250, മംഗലശ്ശേരി-150, കല്ലോടി-500, പുതുശ്ശേരിക്കടവ്-200, കൽപ്ര-1151, മരക്കടവ്-255, ചൂരൽമല-100, പുഴമുടി -100, കൽപ്പറ്റ-1001, പയ്യമ്പള്ളി-1100, കരിമാനി-100, തൃശ്ശിലേരി-100, പട്ടാണികൂപ്പ്-150.

## മിഷൻഞായർ തന്ന ശാഖകൾ

നെടുമ്പാല - 100

## മേഖലാ വാർത്തകൾ

### കൊട്ടിയൂർ

മേഖലാക്യാമ്പ് നടത്തി. മേഖലാ വാർഷികവും വിശ്വാസ വർഷത്തിന്റെ പ്രാധാന്യം വിളിച്ചോതിക്കൊണ്ട് വിശ്വാസ റാലിയും സംഘടിപ്പിച്ചു.

### മാനന്തവാടി

മേഖല എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലയിലെ എല്ലാ ശാഖകളിൽ നിന്നും തിരഞ്ഞെടുത്ത രണ്ട് കുട്ടികളും ചേർന്ന് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഉച്ചഭക്ഷണം ഉണ്ടാക്കി വിതരണം ചെയ്തു.

### മണിമൂളി

കുട്ടികൾക്കായ് ത്രിദിന ധ്യാനം നടത്തി.

### നടവയൽ

ചെറുകാട്ടൂർ ശാഖയിൽ വെച്ച് നടവയൽ മേഖല ക്യാമ്പ് നടത്തി.

**ശാഖാ വാർത്തകൾ**

*ആടിക്കൊല്ലി :-* വൈത്തിരി സബ് ജയിൽ സന്ദർശിച്ചു. +2, 10 ക്ലാസുകളിൽ മതബോധനത്തിന് V-ാം റാങ്ക് നേടിയ അഞ്ചു കൂട്ടുങ്കലിലും അഞ്ജന വട്ടുകുളത്തിനും അഭിനന്ദനങ്ങൾ അറിയിച്ചു.

*കുറുമണി :-* മാനന്തവാടി ഗവ.ഹോസ്പിറ്റലിൽ കിടപ്പുരോഗികൾക്ക് ഉച്ചഭക്ഷണം നൽകി. ദൈവവിളി പ്രോത്സാഹനമായി 250 രൂപ നൽകി.

*ഏലപ്പീടിക :-* പരീക്ഷ ഒരുക്കമായി 1 മണിക്കൂർ ആരാധന നടത്തി. സി.എം.എൽ. അംഗങ്ങൾ ഭരണങ്ങാനം, വല്ലാർപാടം, മലയാറ്റൂർ എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

*ബോയ്സ്ടൗൺ :-* മേഖല ക്യാമ്പിൽ പങ്കെടുത്തു.

*കല്ലുമുക്ക് :-* സോപ്പ് ശേഖരണം നടത്തി മേഖലയിൽ എത്തിച്ചു. വേദപാഠം ഹെഡ്മിസ്ട്രസായിരുന്ന സി. സ്റ്റാർലിക്ക് യാത്രയയപ്പ് നൽകി.

*ആലാറ്റിൽ :-* പെൺകുട്ടികൾക്കുള്ള ദൈവവിളി ക്യാമ്പിൽ 2 കുട്ടികൾ പങ്കെടുത്തു. മലയാറ്റൂർക്ക് തീർത്ഥാടനം നടത്തി.

*മരക്കടവ് :-* ക്രിസ്റ്റീൻ ധ്യാനം നടത്തി

*പട്ടാണിക്കൂപ്പ് :-* അർദ്ധദിന സെമിനാർ നടത്തി.

*നെയ്ക്കുപ്പ :-* മേഖല ക്യാമ്പിൽ പങ്കെടുത്തു. ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തി.

*വാഴവറ്റ :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*ചാരിറ്റി :-* വാർഷികം നടത്തി, ക്യാമ്പിൽ പങ്കെടുത്തു.

*കുന്നലാടി :-* വസ്ത്രങ്ങൾ ശേഖരിച്ച് പാവപ്പെട്ടവർക്കായി വിതരണം നടത്തി.

*മച്ചിക്കൊല്ലി :-* പഴൂർ വൃദ്ധസദനം സന്ദർശിച്ചു. ദൈവവിളി ദിനാചരണം നടത്തി.

*പയ്യമ്പള്ളി :-* മേഖല ക്യാമ്പിൽ പങ്കെടുത്തു.

*കൽപ്പറ്റ :-* ദൈവവിളിക്കായ് ആരാധന നടത്തി. ശാഖയുടെ നേതൃത്വത്തിൽ കൽപ്പറ്റ ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്തു.

*പനവല്ലി :-* സിമിത്തേരി സന്ദർശനം നടത്തി.

*നരിവാലമുണ്ട :-* +1, +2, 10 ക്ലാസിലെ കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

*പാൽച്ചുരം :-* സെമിനാർ നടത്തി

*അമരക്കുനി :-* മേഖലാ ക്യാമ്പിൽ പങ്കെടുത്തു.

*മൂലേപ്പാടം :-* വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

*നിരവിൽപ്പുഴ :–* ക്രിസ്റ്റീൻ ധ്യാനം നടത്തി

*മംഗലശ്ശേരി :–* ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്തു. ദേവാലയനിർമ്മാണത്തോടനുബന്ധിച്ച് 1000 രൂപ വീതം സമാഹരിച്ച ആശിഷ്, അമൽ എന്നിവരെ പ്രത്യേകം അഭിനന്ദിച്ചു.

*ഒലിവുമല :–* ഇടവക തിരുനാളിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.

*പുതിയിടം :–* ദർശൻ 2013 എന്ന ക്യാമ്പ് നടത്തപ്പെട്ടു. ക്രിസ്റ്റീൻ ധ്യാനം നടത്തി.

*ചുണ്ടക്കര :–* സി.എം.എൽ. സീനിയർ അംഗം ജോമോൻ ഇരമംഗലം സഹോദരന് തന്റെ വൃക്കദാനം ചെയ്തു.

*വൈത്തിരി :–* വൈത്തിരി ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കി വിതരണം ചെയ്തു. അർദ്ധദിന സെമിനാർ നടത്തി.

*നെടുമ്പാല :–* രോഗീസന്ദർശനം നടത്തി.

*അരിഞ്ചേർമല :–* രോഗീസന്ദർശനം നടത്തി.

*കുഞ്ഞോം :–* അഖണ്ഡ ബൈബിൾ വായന നടത്തി. സമ്പൂർണ്ണ ബൈബിൾ മുഴുവൻ പള്ളിയിലിരുന്ന് ഓരോ മിഷൻ ലീഗ് അംഗവും ചേർന്ന് വായിച്ചു പൂർത്തിയാക്കി.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

**Care2013 കരിയർ ഗൈഡൻസ് സെമിനാറും കരിയർ കൗൺസി ലിംഗും**

ഏപ്രിൽ 27-ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വെച്ച് കെ. സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ക്ലാസ്സും കരിയർ കൗൺസിലിംഗും നടത്തി. ചെറുപുഷ്പ മിഷൻലീഗ് രൂപതാ പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. അനിൽ ബോസ് കാഞ്ഞിരപ്പള്ളി കരിയർ ഗൈഡൻസിനും തുടർന്നു നടന്ന കരിയർ കൗൺസിലിംഗിനും നേതൃത്വം നൽകി.

**സഹചലനം - യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് ശാക്തീകരണം ലക്ഷ്യം വെച്ച് രൂപതാ, മേഖല പ്രതി നിധികൾ ബത്തേരി, പയ്യമ്പള്ളി മേഖലകളിലെ വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയുണ്ടായി. മറ്റു മേഖലകൾ അവർക്ക് തന്നിരിക്കുന്ന തീയ തികളിൽ വിസിറ്റിനുവേണ്ട കാര്യങ്ങൾ ഒരുക്കണമെന്ന് ഓർമ്മിപ്പി ക്കുന്നു.

**യുവഗാഥ-മേഖല സമ്മേളനം**

യുവഗാഥ മേഖലാ സമ്മേളനങ്ങൾക്ക് തുടക്കമായി. മെയ് 11-ാം തീയതി ബത്തേരി, പയ്യമ്പള്ളി മേഖലകളിൽ മേഖല സമ്മേളനം നടത്തുകയുണ്ടായി. ആ മേഖല സമ്മേളനങ്ങളിൽ ക്ലാസ്സുകൾ നയിച്ച ബിനോയി പാനികുളം, റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ, ശ്രീ. സജിൻ ജോസ് ചാലിൽ, റവ. ഫാ. സണ്ണി മഠത്തിൽ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങളും അതത് മേഖലാ ഭാരവാഹികളും 'യുവഗാഥ'ക്ക് നേതൃത്വം നൽകി.

**ഉപന്യാസമത്സരം**

സെന്റ് പോൾസ് ദിനവുമായി ബന്ധപ്പെട്ട് കെ.സി.വൈ.എം.

അംഗങ്ങൾക്കായി ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു. ഒരു യൂണിറ്റിൽ നിന്നും കെ.സി.വൈ.എം. അംഗത്വമുള്ള രണ്ട് പേർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്നവർ 10 പേജിൽ കവിയാത്ത ഉപന്യാസം എഴുതി വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി ജൂൺ 29-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഉപന്യാസമത്സര വിഷയം "വിശ്വാസസംരക്ഷകനായ വി. പൗലോസ് ശ്ലീഹ".

**നന്ദി, ആശംസ, അഭിനന്ദനങ്ങൾ**

കഴിഞ്ഞ 4 വർഷം പാസ്റ്ററൽ സെന്റർ ഡയറക്ടറായി സേവനമനുഷ്ഠിച്ച് വൈത്തിരി ഇടവക വികാരിയായി പോകുന്ന ബഹു. ഡെന്നീസ് കഴുതാടി അച്ചനും, രൂപതാ മതബോധന കേന്ദ്രത്തിന്റെ ഡയറക്ടറായി കഴിഞ്ഞ 9 വർഷം സേവനമനുഷ്ഠിച്ച ശേഷം രൂപതാ പ്രൊക്കുറേറ്ററായി സ്ഥാനമേറ്റെടുത്തിരിക്കുന്ന ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനും രൂപതാ KCYM കുടുംബത്തിന്റെ അകമഴിഞ്ഞ പ്രാർത്ഥനാശംസകൾ.

മതബോധനം, മിഷൻലീഗ്, കുടുംബപ്രേഷിതത്വം ഓഫീസ് സെക്രട്ടറിമാരായി സേവനം ചെയ്ത ശേഷം പുതിയ പ്രേഷിത മേഖലകളിലേക്ക് പോകുന്ന സിസ്റ്റേഴ്സിന് വിജയാശംസകൾ.

**യൂണിറ്റ് വാർത്തകൾ**

**അമരക്കുനി യൂണിറ്റ്**

മേഖലയുടെ നേതൃത്വത്തിൽ വടാനക്കവല മുതൽ മുള്ളൻകൊല്ലി വരെ നടത്തിയ കുരിശിന്റെ വഴിയിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. വനിതാദിനം ആചരിച്ചു. 40-ാം വെള്ളിയാഴ്ച മേഖല നടത്തിയ കുരിശിന്റെ വഴിയിൽ യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

മലയാറ്റൂർ, വല്ലാർപാടം തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തുകയും തീർത്ഥാടനത്തിന് ഒരുക്കമായി ആരാധന നടത്തുകയും ചെയ്തു. നാല്പതു യുവജനങ്ങൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. ബഹു. തോമസ് മണക്കുന്നേലച്ചന്റെയും ജിനോജച്ചന്റെയും നേതൃത്വത്തിൽ യുവജനങ്ങൾ ഭവനനിർമ്മാണത്തിൽ സഹായിച്ചു. ഇടവകയിൽ ഉള്ളവരും പഠനത്തിനും ജോലിക്കുമായി പുറത്തു പോയിരിക്കുന്നവരുമായ യുവജനങ്ങളുടെ സർവ്വേ ആരംഭിച്ചു. ഇതിനു ഭാരവാഹികൾ നേതൃത്വം നൽകുന്നു.

**പടമല യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചന്റെ പ്രോത്സാഹനത്തോടെ ഇടവകയിലെ ഒരു ഭവനത്തിന്റെ നിർമ്മാണം യുവജനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിക്കൊടുത്തു.

**കോട്ടത്തറ യൂണിറ്റ്**

കോട്ടത്തറ യൂണിറ്റിൽ വെച്ച് അഖില വയനാട് വടംവലി മത്സരം നടന്നു. മത്സരത്തിൽ സഹായിച്ചവരുടെ സ്നേഹസംഗമം നടത്തി. പെരുന്നാളിനോടനുബന്ധിച്ച് 'Lazza Fest' നടത്തി. കൂടാതെ ചവിട്ടുനാടകം അവതരിപ്പിച്ചു. 'യുവനാളം' സെമിനാർ സംഘടിപ്പിച്ചു. 'സ്പന്ദനം' രക്തദാന യൂണിറ്റ് ആരംഭിച്ചു. 'പുണ്യം 2013' എന്ന പേരിൽ മലയാറ്റൂർ തീർത്ഥാടനം നടത്തി. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ആക്രിശേഖരണം നടത്തി. വരൾച്ചക്ക് കാരണവും പരിഹാരവും കണ്ടെത്തുന്നതിന് നീർത്തടസംരക്ഷണം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കർലാട്, മാടക്കുന്ന് പുഴയോരങ്ങൾ സന്ദർശിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. യുവജനസംഗമത്തിന്റെ ഭാഗമായി വാർഡ് അടിസ്ഥാനത്തിൽ ഭവനസന്ദർശനം നടത്തി യുവജനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി.

**മരക്കടവ് യൂണിറ്റ്**

പെരുന്നാളിനോടനുബന്ധിച്ച് ചവിട്ടുനാടകം അവതരിപ്പിച്ചു. യുവജനസ്റ്റാൾ നടത്തി. ആക്രിസാധന ശേഖരണത്തിലൂടെ ലഭിച്ച ഫണ്ട് ഭവനനിർമ്മാണത്തിന് ഉപയോഗിച്ചു. പഠനത്തിനും ജോലിക്കുമായി പുറത്തുപോയവരെ ഉദ്ദേശിച്ച് യുവജനസംഗമം നടത്തി. ക്ലാസ്സ്, വിവിധ കലാപരിപാടികൾ, ഒരുമിച്ചുള്ള ഭക്ഷണം, ഔട്ടിംങ്ങ് എന്നിവ നടത്തി.

**ബിബിൻ ചെമ്പക്കര**
രൂപതാജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഏപ്രിൽ 25 മുതൽ 28 വരെ നടന്ന കോഴ്സിൽ 89 പേരും, മെയ് 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 95 പേരും, മെയ് 19 മുതൽ 22 വരെ നടന്ന കോഴ്സിൽ നൂറോളം പേർ പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ജൂൺ 14-17 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ 12-15 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## സ്നേഹപൂർവ്വം ഡെന്നീസ് അച്ചന്

സംഘടനകളുടെ വളർച്ചയും, സംഘടനാംഗങ്ങളുടെ ഒരുമയും ഉറപ്പുവരുത്തുകയും ദീർഘവീക്ഷണത്തോടെ ഇടപെടുകയും ചെയ്യുന്ന ഡെന്നീസച്ചൻ കുടുംബ പ്രേഷിതത്വം കഴിഞ്ഞ നാലുവർഷങ്ങളിൽ അതിധീരമായി നയിച്ച് കോഴ്സുകൾക്ക് പുതിയ രൂപവും ഭാവവും നൽകി. രൂപതാതലത്തിൽ തന്നെ ശ്രദ്ധയാകർഷിക്കത്തക്ക വിധത്തിൽ സംഘടനകളെ വളർത്തിയ ബഹു. ഡെന്നീസച്ചന് കഴുതാടി അച്ചനും പുതിയ കർമ്മവീഥിയിൽ ഒരായിരം പ്രാർത്ഥനാശംസകൾ.... കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും വഴിത്താരയിലൂടെ വൈത്തിരി ദൈവജനത്തെ നയിക്കുവാൻ അച്ചനെ ദൈവം അനുഗ്രഹിക്കട്ടെ. കുടുംബപ്രേഷിതത്വം, ബൈബിൾ അപ്പോസ്റ്റലേറ്റ്, മാതൃസംഘടന, മരിയൻ സിംഗിൾസ് എന്നീ പ്രസ്ഥാനങ്ങളുടെ കൃതജ്ഞത അറിയിക്കുന്നു. മെയ് 14-ന് കുടുംബപ്രേഷിതത്വം നന്ദി നിറഞ്ഞ മനസ്സോടെ യാത്രയയപ്പ് നൽകി അച്ചനെ അനുമോദിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**നന്ദിയുടെ ഒരുവാക്ക്**

കുടുംബപ്രേഷിതത്വം ഓഫീസ് സെക്രട്ടറിയായി കഴിഞ്ഞ നാളുകളിൽ സേവനം ചെയ്തതിനുശേഷം സ്ഥലംമാറി പോകുന്ന സി. അമലയ്ക്ക് രൂപത കുടുംബപ്രേഷിതത്വത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും. പുതിയ പ്രവർത്തനപഥത്തിൽ എല്ലാവിധ പ്രാർത്ഥനകളും നേരുന്നു.

**സുസ്വാഗതം**

2004 മുതൽ 2011 ജൂൺ വരെ ബഹു. മാത്യു അച്ചന്റെയും, ബഹു. ഡെന്നീസ് അച്ചന്റെയും വലംകൈയായി അസി. ഡയറക്ടറായി കുടുംബപ്രേഷിതത്വ രംഗത്ത് പ്രവർത്തിച്ച് കഴിഞ്ഞ ഒരു വർഷത്തെ വിദേശപ്രവർത്തനത്തിനുശേഷം കുടുംബപ്രേഷിതത്വത്തെ നയിക്കുവാനായി ധീരമായി തിരിച്ച് എത്തിയിരിക്കുന്ന ബഹു. ജോഷി പെരിയപ്പുറം അച്ചന് കുടുംബപ്രേഷിതത്വം, ബൈബിൾ അപ്പോസ്റ്റലേറ്റ്, മാതൃസംഘടന, മരിയൻ സിംഗിൾസ് എന്നീ പ്രസ്ഥാനങ്ങളുടെ എല്ലാ പിൻതുണയും പ്രാർത്ഥനയും നേരുന്നു.

കുടുംബപ്രേഷിതത്വം ഓഫീസ് സെക്രട്ടറിയായി വന്നിരിക്കുന്ന സി. എമിലിക്ക് ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യത്തിന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## കത്തോലിക്കാ മാതൃസംഘടന

അടുത്ത രൂപതാ എക്സിക്യൂട്ടീവും, ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഫൊറോനതല വിമൻസ് കമ്മീഷൻ സെക്രട്ടറിമാരുടെയും സംയുക്ത സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂൺ 18-ന് 10.00 മണിക്ക്.

### ഏപ്രിൽ 20-ന് നടന്ന രൂപതാ കലാമത്സരത്തിന്റെ റിസൽട്ട്

**ഉപന്യാസം**

| | | | |
|---|---|---|---|
| I | ബീന കുരിക്കാട്ടിൽ | കല്ലോടി | കല്ലോടി |
| II | മേരി വട്ടയ്ക്കാമുള്ളിൽ | കാവുംമന്ദം | തരിയോട് |
| III | ഷീജ കാഞ്ഞിരക്കാട്ട് | കണിയാരം | മാനന്തവാടി |

**ചെറുകഥ**

| | | | |
|---|---|---|---|
| I | ശോഭ കുറ്റിപ്ലാന്താനം | തെനേരി | കൽപ്പറ്റ |
| II | സുന്നി പുന്നോലികുന്നേൽ | പൂളപ്പാടം | നിലമ്പൂർ |
| III | ശാന്തിന മൂലേച്ചിറ | പുതുശ്ശേരിക്കടവ് | തരിയോട് |
| III | സൂസമ്മ തോട്ടത്തിൽ | അമ്പായത്തോട് | ചുങ്കക്കുന്ന് |

**കവിത**

| | | | |
|---|---|---|---|
| I | ബീന കുരിക്കാട്ടിൽ | കല്ലോടി | കല്ലോടി |

| | | | |
|---|---|---|---|
| II | ഷീജ കാഞ്ഞിരക്കാട്ട് | കണിയാരം | മാനന്തവാടി |
| III | ജോമോൾ കളർപാറ | ഭൂദാനം | മണിമൂളി |

**ഓർമ്മ പരിശോധന**

| | | | |
|---|---|---|---|
| I | ജിൻസി കൂവയ്ക്കൽ | തരിയോട് | തരിയോട് |
| II | സിൽവി കൈയ്യെത്തുംകര | അമ്പായത്തോട് | ചുങ്കക്കുന്ന് |
| III | ജെസി കണ്ണന്താനം | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |

**ബൈബിൾ ക്വിസ്**

| | | | |
|---|---|---|---|
| I | ഷൈല മുഞ്ഞനാട്ട് | പഴൂർ | ബത്തേരി |
| II | ബിന്ദു ഒറ്റപ്ലാക്കൽ | വെള്ളൂന്നി | ചുങ്കക്കുന്ന് |
| III | ഫിലോ ചേലക്കൽ | മാർട്ടിൻനഗർ | പയ്യംമ്പള്ളി |

**ബൈബിൾ വാകൃപഠനം**

| | | | |
|---|---|---|---|
| I | ഷൈനി മാങ്കഴ | മൂലങ്കാവ് | ബത്തേരി |
| II | മോളി പൂവനാട്ട് | കാട്ടിക്കുളം | പയ്യംമ്പള്ളി |
| III | മേഴ്സി നിരപ്പിൽ | നടവയൽ | നടവയൽ |

**ബൈബിൾ വായന**

| | | | |
|---|---|---|---|
| I | ഷൈനി കുളങ്ങര | തലഞ്ഞി | മണിമൂളി |
| II | സെലിൻ പള്ളിക്കാമഠം | മച്ചിക്കൊല്ലി | നീലഗിരി |
| III | ലീലാമ്മ മെഴുകനാൽ | കേണിച്ചിറ | നടവയൽ |

**മോണോ ആക്ട്**

| | | | |
|---|---|---|---|
| I | സ്മിത മുണ്ടുനടയ്ക്കൽ | തവിഞ്ഞാൽ | മാനന്തവാടി |
| II | ഷീല ചെറുപ്ലാവിൽ | കല്ലോടി | കല്ലോടി |
| III | ഫിലോ ചേലക്കൽ | മാർട്ടിൻനഗർ | പയ്യംമ്പള്ളി |

**ബൈബിൾ ദൃശ്യാവതരണം**

| | | | |
|---|---|---|---|
| I | മിനി കൂട്ടുങ്കൽ & പാർട്ടി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| II | ജെസി ഇല്ലിക്കൽ & പാർട്ടി | ചുള്ളിയാന | കല്ലോടി |
| III | റീന പുലിക്യുൽ & പാർട്ടി | മണിമൂളി | മണിമൂളി |

**സംഘഗാനം**

| | | | |
|---|---|---|---|
| I | മറിയം ചളുക്കാട്ട് & പാർട്ടി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| II | ജൂലി പള്ളത്ത് & പാർട്ടി | പുതിയിടംകുന്ന് | കല്ലോടി |
| III | സിനി കാക്കോനാൽ & പാർട്ടി | ശശിമല | മുള്ളൻകൊല്ലി |

**ലളിതഗാനം**

| | | | |
|---|---|---|---|
| I | മറിയം ചളുക്കാട്ട് | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| II | ബിന്ദു വടയാപറമ്പിൽ | തലഞ്ഞി | മണിമൂളി |
| III | ഗ്രേസി ചെമ്മരപ്പള്ളി | കേണിച്ചിറ | നടവയൽ |
| III | മഞ്ജു തൈക്കൂട്ടത്തിൽ | ശശിമല | മുള്ളൻകൊല്ലി |

**പ്രസംഗം**

| | | | |
|---|---|---|---|
| I | ഷൈനി കുളങ്ങര | തലഞ്ഞി | മണിമൂളി |

| | | | |
|---|---|---|---|
| II | ലില്ലി പുത്തൻപുര | ബത്തേരി | ബത്തേരി |
| III | ആഷ്‌ലി ഇണ്ടിക്കുഴ | പയ്യംമ്പള്ളി | പയ്യംമ്പള്ളി |
| III | ബിന്ദു വാഴപ്പള്ളി | മുള്ളൻകൊല്ലി | മുള്ളൻകൊല്ലി |

**നാടകം**

| | | | |
|---|---|---|---|
| I | മേഴ്‌സി നരിമറ്റം & പാർട്ടി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| II | മിനി കൊളത്താശ്ശേരി & പാർട്ടി | പുതിയിടംകുന്ന് | കല്ലോടി |
| III | മേരി പാലമറ്റത്ത് & പാർട്ടി | നെടുമ്പാല | കൽപ്പറ്റ |

## ആറാട്ടുതറ യൂണിറ്റ്

ഏപ്രിൽ 5-ന് മീറ്റിംഗ് ആരംഭിച്ചു. ശ്രീ. മാർഗരറ്റ് മഞ്ഞാങ്കൽ സ്വാഗതം ആശംസിച്ചു. ബഹു. വികാരിയച്ചൻ തിരുവചനത്തെ ആസ്പദമാക്കി സംസാരിച്ചു. ഇടവകയിൽ പ്രായത്താലും രോഗത്താലും അവശരായി കഴിയുന്ന രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. എല്ലാ ബുധനാഴ്ചയും സംഘടനയുടെ നേതൃത്വത്തിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ ഭക്ഷണം പാകം ചെയ്യാൻ പോകുന്നു. രൂപതാ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ശ്രീ. ലീലാമ്മ കണിയടിക്കൽ നന്ദി പറഞ്ഞു.

## അമരക്കുനി യൂണിറ്റ്

മാർച്ച് 3-ന് പുൽപ്പള്ളിയിൽ വച്ചു നടന്ന ഫൊറോന ബൈബിൾ വാക്യ പഠനമത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. മാർച്ച് 9- ന് സീതാ മൗണ്ടിൽ വച്ചു നടത്തപ്പെട്ട ഫൊറോന കലാമത്സരങ്ങളിലും പങ്കെടുത്തു. മാർച്ച് 15-ന് മീറ്റിംഗ് നടത്തി. സെമിത്തേരി വൃത്തിയാക്കി.

## ധർമ്മഗിരി യൂണിറ്റ്

ഡയറക്ടറുടെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ ശാഖാ എക്സിക്യൂട്ടീവ് നടത്തി. കലാമത്സരങ്ങൾക്കായുള്ള ക്രമീകരണങ്ങൾ നടത്താൻ തീരുമാനിച്ചു. മാർച്ച് 8-ന് ആനിമേറ്ററിന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ എല്ലാ അമ്മമാരും പങ്കെടുത്തു. ഫൊറോന കലാമത്സരങ്ങളിലും എല്ലാ അംഗങ്ങളും പങ്കെടുത്തു. സാഹിത്യമത്സരത്തിൽ സിന്ധു വെളുത്തേടത്ത്പറമ്പിൽ, ആലീസ് മാർളാക്കുഴി, റീന പാലക്കുഴ എന്നിവർ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കലാമത്സരങ്ങളിൽ ബൈബിൾ ദൃശ്യാവതരണം, ഏകാങ്കം തുടങ്ങിയവയ്ക്ക് ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഫൊറോനയിൽ ധർമ്മഗിരി യൂണിറ്റ് രണ്ടാംസ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ അമ്മമാർക്കും അഭിനന്ദനങ്ങൾ.

**ചുങ്കക്കുന്ന് ഫൊറോന**

ഏപ്രിൽ 20-ന് ദ്വാരകയിൽവെച്ച് നടത്തപ്പെട്ട മാതൃസംഘടനാ രൂപതാ കലാമത്സരങ്ങളിൽ ചുങ്കക്കുന്ന് ഫൊറോനയിലെ അമ്മമാർ മികച്ച പ്രകടനം കാഴ്ച വെയ്ക്കുകയും 48 പോയിന്റ് നേടി ഒന്നാം സ്ഥാനവും എവർറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. മത്സരത്തിൽ ചുങ്കക്കുന്ന് ഇടവകയിലെ അമ്മമാർ 38 പോയിന്റ് നേടി. സംഘഗാനം, ബൈബിൾ ദൃശ്യാവതരണം, നാടകം, ലളിതഗാനം എന്നീ ഇനങ്ങളിൽ ചുങ്കക്കുന്ന് ഇടവക ഒന്നാംസ്ഥാനം നേടി. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**മരിയൻ സിംഗിൾസ്**

മെയ് 23-ന് ഡയറക്ടറുടെയും, സി. മരീനയുടെയും നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. 14 പേർ പങ്കെടുത്തു. അടുത്ത മാസത്തെ മീറ്റിംഗ് ജൂൺ 11-ന് 10 മണിക്ക്.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹം നിറഞ്ഞ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ജൂൺ മാസം ഈശോയുടെ തിരുഹൃദയവണക്കത്തിനായി മാറ്റി വെച്ചിട്ടുള്ള മാസമാണല്ലോ. ഈശോയുടെ തിരുഹൃദയഭക്തിയിൽ നിറഞ്ഞ് നമ്മുടെ സമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഓഹരി മാറ്റി വെച്ച് ഉപവി പ്രവർത്തനങ്ങളിൽ വ്യാപൃതരാകുവാൻ നമുക്ക് ശ്രമിക്കാം. അതിനായി അവിടുത്തെ വാഗ്ദാനമായ പരിശുദ്ധാത്മാവിന്റെ നിറവി നായി ദാഹിച്ചു പ്രാർത്ഥിച്ചുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ വിജയ പ്രദമാക്കാം.

ജൂൺ 3-ന് പുതിയ അദ്ധ്യയനവർഷം തുടങ്ങുകയാണല്ലോ. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും അവരവരുടെ ഇടവകയിലെ ദരിദ്രരായ പഠിതാക്കളെ കണ്ടെത്തി അവർക്കാവശ്യമായ പഠനോപകരണങ്ങൾ യൂണിഫോം, കുട മുതലായവ വാങ്ങി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കു മല്ലോ.

## സിസി വാർഷികവും ഓസ്സാനാംഭവൻ വിപുലീകരണത്തിന്റെ തറക്കല്ലിടൽ കർമ്മവും

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 35-ാമത് വാർഷികം 2013 മെയ് 11-ാം തീയതി ഓസ്സാനാംഭവനിൽ വെച്ച് നടത്തുകയുണ്ടായി. പ്രസ്തുത വാർഷികാ ഘോഷം വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ചരിത്രത്തിൽ ഇടം നേടി കഴിഞ്ഞു. മാനന്തവാടി സിസി യുടെ 35-ാമത് വാർഷികാഘോ ഷത്തിൽ മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ഓസ്സാനാം ഭവൻ വിപുലീകരണത്തിന്റെ ഭാഗ മായി പുതിയ കെട്ടിടത്തിന്റെ തറക്കല്ല് ഇടുകയുണ്ടായി. തദവസരത്തിൽ നമ്മുടെ ആത്മീയോപദേഷ്ടാവ് ബഹു. ഫാ. ജോർജ്ജ് മേമന, നടവ യൽ ഹോളിക്രോസ് ഫൊറോന വികാരി റവ. ഫാ. വർഗ്ഗീസ് മുളകൊടിയാങ്കൽ, സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ,

ബോർഡ് അംഗങ്ങൾ, കോൺഫ്രൻസ് പ്രസിഡണ്ടുമാർ, എ.സി. പ്രസിഡണ്ടുമാർ, ഓസ്സാനാംഭവൻ മാനേജർ ബ്രദർ തോമസ് തൈരംചേരിൽ, സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ, ഇടവകാംഗങ്ങൾ, നാട്ടുകാർ തുടങ്ങിയവർ മേൽപറഞ്ഞ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

ഏകദേശം 50 ലക്ഷം രൂപയുടെ ചിലവ് വരുന്ന ഓസ്സാനാം ഭവൻ വിപുലീകരണത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് നിർലോഭമായ സഹകരണം രൂപതയിലെ മുഴുവൻ കോൺഫ്രൻസ് അംഗങ്ങളും നൽകണമെന്ന് സിസി പ്രസിഡണ്ട് അഭ്യർത്ഥിച്ചു.

തുടർന്ന് വി. കുർബാനയ്ക്ക് ശേഷം മാനന്തവാടി രൂപതയുടെ ഇടയൻ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം മാനന്തവാടി രൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 35-ാമത് വാർഷികാഘോഷത്തിന് തിരിതെളിച്ചു. ഉദ്ഘാടന സന്ദേശത്തിൽ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ട് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. സ്നേഹദാരിദ്ര്യത്താലും വാർദ്ധക്യത്താലും നിരാലംബരായി കഴിയുന്ന ഒട്ടേറെ വ്യക്തികൾ ഇടവകകളിൽ ഉണ്ടെന്നും അവർക്ക് താങ്ങും തണലും ആകാൻ കഴിഞ്ഞാലേ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനത്തിന് പ്രസക്തി ഉള്ളൂ എന്നും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. ഓസ്സാനാംഭവൻ വിപുലീകരണം അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സഹായിക്കുമാറാകട്ടെ എന്ന് അഭിവന്ദ്യ പിതാവ് ആശംസിക്കുകയും ചെയ്തു.

വാർഷികാഘോഷ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് സിസി ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമന, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഓരോ അംഗത്തിന്റെയും ഉത്തരവാദിത്വങ്ങൾ സ്നേഹത്തോടെയും ത്യാഗമനോഭാവത്തോടെയും നിർവ്വഹിക്കണമെന്ന് ഉദ്ബോധിപ്പിച്ചു.

സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന് ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസി ജനറൽ സെക്രട്ടറി ഹൃദയസ്പർശിയായ സ്വാഗതം ആശംസിച്ചു. സിസി ട്രഷറർ ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ 2012-13 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ബ്രദർ ജോണി പാറ്റാനി, നാഷണൽ പ്രോജക്റ്റ് ഓഫീസർ ബ്രദർ ജിൽസ് എം. മേക്കൽ സിസി വൈസ് പ്രസിഡണ്ട് ബ്രദർ റ്റി.റ്റി. സണ്ണി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ബ്രദർ ഷാജൻ തലച്ചിറ മത്തായി സിസി സെക്രട്ടറിയുടെ നന്ദി പ്രകടനത്തോടെ ഉദ്ഘാടന സമ്മേളനം സമാപിച്ചു. വിഭവസമൃദ്ധ

മായ ഉച്ചഭക്ഷണത്തിനുശേഷം വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് എസി പ്രസിഡണ്ടുമാർ, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ വിശദമായ ചർച്ച നടത്തുകയുണ്ടായി. മൂന്ന് മണിയോടുകൂടി വാർഷികാഘോഷ സമ്മേളനം സമാപിച്ചു.

### നന്ദിയുടെ ഒരു വാക്ക്

വാർഷികാഘോഷം വളരെ വിജയപ്രദമാക്കി തീർക്കാൻ പ്രയത്നിച്ച ഏവർക്കും നന്ദി അറിയിക്കുകയാണ്. ആളും അർത്ഥവും നൽകി സഹായിച്ച എല്ലാ എ.സി. പ്രസിഡണ്ട്മാരേയും അവരോടൊപ്പം സഹകരിച്ച എല്ലാ പ്രവർത്തകരെയും പ്രത്യേകം സ്മരിക്കുന്നു. ഓസ്സാനാംഭവനിൽ എല്ലാ സൗകര്യങ്ങളും ക്രമീകരിച്ചുതന്ന ഓസ്സാനാം ഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോണിനും അവിടുത്തെ ശുശ്രൂഷകർക്കും പ്രത്യേകം നന്ദി അറിയിക്കുകയാണ്. വാർഷികാഘോഷം വൻ വിജയമാക്കിയതിന് പ്രവർത്തിച്ച നടവയൽ ഇടവകാംഗങ്ങൾ, ബഹു. സിസ്റ്റേഴ്സ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. വിവിധ കോൺഫ്രൻസുകളിൽ നിന്ന് എത്തിച്ചേർന്ന സംഘടനാപ്രവർത്തകർ, എ.സി. പ്രസിഡണ്ടുമാർ, കോൺഫ്രൻസ് ആത്മീയ ഉപദേഷ്ടാക്കൾ, ബോർഡംഗങ്ങൾ തുടങ്ങിയവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

### അഗ്രിഗേഷൻ

എ.സി. തലത്തിലും കോൺഫ്രൻസ് തലത്തിലും പുതിയ അഗ്രിഗേഷൻ ലഭിക്കുന്നതിന് അപേക്ഷകൾ അയയ്ക്കാവുന്നതാണ്.

### വിദേശകത്തുകൾ

എല്ലാ എ.സി.കളും കോൺഫ്രൻസുകളും വിദേശ കോൺഫ്രൻസുകളുമായുള്ള കത്തിടപാടുകൾ നടത്തണമെന്നും ഏതെങ്കിലും വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ പുനഃസ്ഥാപിക്കുവാൻ എല്ലാ എ.സി. പ്രസിഡണ്ടുമാരും, കോൺഫ്രൻസ് പ്രസിഡണ്ടുമാരും മുൻകൈ എടുക്കണമെന്നും താല്പര്യപ്പെടുന്നു.

### അറിയിപ്പുകൾ

2012-13 വർഷത്തെ സ്കോളർഷിപ്പ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികളുടെയും കംപ്ലീഷൻ റിപ്പോർട്ട് 2013 മെയ് 31 ന് മുമ്പായി എല്ലാ എ.സി. പ്രസിഡണ്ടുമാരും സിസിയിൽ എത്തിക്കേണ്ടതാണ്.

**ഓസാനാം ഭവൻ സന്ദർശനം**

**മണിമൂളി എ.സി.**

17-6-2013 - സെന്റ് ജോസഫ് നരിവാലമുണ്ട

19-6-2013 - സെന്റ് സെബാസ്റ്റ്യൻ പാലാങ്കര

21-6-2013 - വാ. മദർ തെരേസ പാലേമാട്

23-6-2013 - സെന്റ് മേരീസ് പാതിരിപ്പാടം

25-6-2013 - സെന്റ് മേരീസ് തലഞ്ഞി

**നടവയൽ എ.സി.**

27-6-2013 - സെന്റ് മേരി കേണിച്ചിറ

29-6-2013 - സെന്റ് സെബാസ്റ്റ്യൻ കേണിച്ചിറ

01-7-2013 - ഇൻഫന്റ് ജീസസ് നടവയൽ

03-7-2013 - സെന്റ് മേരി നടവയൽ

05-7-2013 - സെന്റ് അൽഫോൻസ നെയ്ക്കുപ്പ

07-7-2013 - സെന്റ് ജോസഫ് നെയ്ക്കുപ്പ

09-7-2013 - സെന്റ് മേരി വാളവയൽ

11-7-2013 - സെന്റ് ജോസഫ് കല്ലുവയൽ

13-7-2013 - സെന്റ് മേരി കല്ലുവയൽ

**പാടിച്ചിറ എ.സി.**

15-7-2013 - മേരിമാതാ കബനിഗിരി

എല്ലാ പ്രവർത്തകർക്കും എല്ലാവിധ ആശംസകളും നേർന്നു കൊണ്ട്

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2013 മെയ് 3 ആദ്യവെള്ളി 64 ശുശ്രൂഷകർ സോണൽ മീറ്റിംഗിൽ പങ്കെടുത്തു. 10 മണിക്ക് കുരിശിന്റെ വഴി ശ്രീ. ജോർജ്ജ് അരഞ്ഞാണിയിൽ നയിച്ചു. 11-12 വരെ കൺവെൻഷന്റെ എല്ലാ പരിപാടികളും അനുഗ്രഹമാക്കിതീർത്ത തമ്പുരാന് നന്ദിയും സ്തുതിയും അർപ്പിച്ച് പ്രാർത്ഥിച്ചു. എത്ര സ്തുതിച്ചാലും മതിവരാത്ത അനുഭവമായിരുന്നു ഈ തിരുമണിക്കൂർ. 12 മണിക്ക് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ് നടത്തി. ആദ്യമായി കൺവെൻഷൻ അനുഗ്രഹമാക്കിമാറ്റിയ നല്ല ദൈവത്തിന് നന്ദി അർപ്പിച്ചു. ബഹു. മനോജ് കാക്കോനാൽ അച്ചനും അച്ചന്റെ നേതൃത്വത്തിൽ അധ്വാനിച്ച എല്ലാ വോളണ്ടിയേഴ്സിനും നന്ദി പറഞ്ഞു. കഴിഞ്ഞ 3 വർഷക്കാലം സീയോന്റെ അസി. ഡയറക്ടർ ആയും ജീസസ് യൂത്തിന്റെ ഡയറക്ടർ ആയും സ്തുത്യർഹമായ സേവനം കാഴ്ചവെച്ച അച്ചനെ അഭിനന്ദിച്ചുകൊണ്ടും നന്ദിപറഞ്ഞുകൊണ്ടും ആശംസകൾ അർപ്പിച്ചുകൊണ്ടും കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം സംസാരിച്ചു. ഉപരിപഠനത്തിനായി പോകുന്ന അച്ചന് എല്ലാ നന്മകളും വിജയങ്ങളും ബഹു. താന്നിയിൽ അച്ചൻ നേർന്നു. സിയോൻ ടീമിന്റെ അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 31-5-13 ന് ആയിരിക്കും എന്ന് ബഹു. താന്നിയിൽ അച്ചൻ അറിയിച്ചു.

## ജാഗരണ പ്രാർത്ഥന

വൈകുന്നേരം 6 ന് കുരിശിന്റെ വഴി നടത്തി 7 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. അത്താഴത്തിനുശേഷം 9-12 വരെ ദിവ്യകാരുണ്യനാഥന്റെ തിരുമുമ്പിൽ ജാഗരിച്ചു പ്രാർത്ഥിച്ചു. ബഹു. താന്നിയിൽ അച്ചനും സീയോൻ ടീമും ചേർന്ന് പ്രാർത്ഥന നയിച്ചു. ജാഗരിച്ചു പ്രാർത്ഥിച്ച മക്കൾക്കും അവരുടെ

കുടുംബങ്ങൾക്കും തമ്പുരാൻ അനുഗ്രഹങ്ങൾ സമൃദ്ധമായി നൽകി. 12-ന് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി ഏകദിന കൺവെൻഷൻ**

പ്രഭാതത്തിൽ 6 മണിക്ക് ശുശ്രൂഷകർ പരി. അമ്മയുടെ സന്നിധിയിൽ അണഞ്ഞു. ബഹു. താന്നിയിൽ അച്ചൻ പ്രഭാതസമർപ്പണം നടത്തി. വി. ജലം തളിച്ച് സിയോൻ ഹാളും പരിസരങ്ങളും വിശുദ്ധീകരിച്ചു. ക്രൂശിതരൂപവും മാതാവിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് സീയോൻഹാളിന് ചുറ്റും നടന്നു ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം ബഹു. അച്ചൻ ശുശ്രൂഷകർക്കായി വചനസന്ദേശം നൽകി, വി. ജലം തളിച്ച് പ്രാർത്ഥിച്ച് ഇന്നത്തെ ശുശ്രൂഷകൾക്കായി അഭിഷേചിച്ചു. ഒരുക്കശുശ്രൂഷകൾക്കുശേഷം 8.45 ന് സ്റ്റേജിൽ സപ്ര, ജപമാല, സ്തുതി ആരാധന എന്നീ പതിവ് ശുശ്രൂഷകളായിരുന്നു. 11 മണിക്ക് ബഹു. താന്നിയിൽ അച്ചൻ വചനം പങ്കുവെച്ചു. 12 മണിക്ക് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ചു. സീയോനിൽ വന്ന് പ്രാർത്ഥിച്ച് ലഭിച്ച അനുഗ്രഹങ്ങൾ, അനുഭവങ്ങൾ സാക്ഷ്യപ്പെടുത്താൻ ഏതാനും പേർക്ക് അവസരം നൽകി. ലഘുഭക്ഷണശേഷം നടത്തിയ ദിവ്യകാരുണ്യ ആരാധനയും സൗഖ്യപ്രാർത്ഥനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ഏറെ ദൈവാനുഭവപ്രദവും അനുഗ്രഹദായകവുമായി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം നൽകി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു. ബഹു. വൈദികരുടെ കൂട്ടായ്മയിലുള്ള ശുശ്രൂഷയും സാന്നിധ്യവും ശക്തി പകർന്നു.

**രണ്ടാംശനി ശുശ്രൂഷകൾ 11-5-13**

**ദമ്പതീകൂട്ടായ്മ**

10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. ശ്രീമതി മേരി പേര്യക്കോട്ടിൽ നേതൃത്വം നൽകി. 10.45 ന് "ക്രിസ്തീയ ദാമ്പത്യം ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും" എന്ന വിഷയത്തെപ്പറ്റി സി. ജെസ്സിൻ FCC ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. ജോസഫ് നെച്ചിക്കാട്ടച്ചൻ വി. ബലി അർപ്പിച്ചു. തുടർന്ന് സിയോൻ കോർഡിനേറ്റർ ശ്രീ. ബേബി മൂത്തേടത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടത്തി. പുതിയ കോർഡിനേറ്ററായി ശ്രീ. പോൾസൺ - ഗ്രേസി വലിയമറ്റം, അസി. കോർഡിനേറ്ററായി ശ്രീ. തോമസ് - സാറാമ്മ ചക്കാലയ്ക്കൽ, സെക്രട്ടറിയായി ശ്രീ. ബാബു - റൂബി കുന്നേൽ, മദ്ധ്യസ്ഥ പ്രാർത്ഥനാ ലീഡറായി ശ്രീ. ബെന്നി - ആൻസി അറയ്ക്കക്കുന്നേൽ എന്നീ ദമ്പ

തികളെ  തെരഞ്ഞെടുത്തു. ഗാനശുശ്രൂഷ നടത്തിയത് സി. ട്രീസ SH ആണ്. 3 മണിക്ക് ആരാധന നടത്തി. ശ്രീ. സണ്ണി പേര്യക്കോട്ടിൽ സ്വാഗതവും പോൾസൺ വലിയമറ്റം നന്ദിയും പറഞ്ഞു.

**പൊതു കൗൺസിലിംഗ്**

9.45 ന് കൗൺസിലിംഗ് ശുശ്രൂഷ ആരംഭിച്ചു. ധാരാളം പേർ വന്ന് കൗൺസിലിംഗ് നടത്തി ശാരീരിക, ആത്മീയ, മാനസിക സൗഖ്യവും നേടി തിരിച്ചു പോയി. ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചൻ മുഴുവൻ സമയവും ശുശ്രൂഷ ചെയ്തു. അച്ചന് പ്രത്യേകം നന്ദി.

**ക്രിസ്റ്റീൻ ധ്യാനം**

മെയ് 12 മുതൽ 16 വരെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി. ധ്യാനത്തിൽ 118 കുട്ടികൾ പങ്കെടുത്തു. ധ്യാനം നയിച്ചത് സിയോൻ ഡയറക്ടർ അഗസ്റ്റിൻ താന്നിയിലച്ചനും, സോണി വാഴകാട്ട് അച്ചനും, ലാൽ പൈനുങ്കൽ അച്ചനും, തോമസ് അറയ്ക്കൽ അച്ചനും, FCC സിസ്റ്റേഴ്സും, ജീസ്സസ് യൂത്ത് ടീം അംഗങ്ങളും ചേർന്നാണ്. ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ ദിവസങ്ങളായിരുന്നു ധ്യാനദിവസങ്ങൾ.

**സിയോൻ മെയ് മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 1 | - | ആദ്യശനി |
| ജൂൺ 8 | - | പൊതുകൗൺസിലിംഗ് |
| | - | യുവജനദിനം |
| | - | ദമ്പതീകൂട്ടായ്മ |
| ജൂൺ 21 | - | ജാഗരണ പ്രാർത്ഥന |
| ജൂൺ 22 | - | സൗഖ്യദിനം |
| ജൂൺ 23-27 | - | ആന്തരീകസൗഖ്യ ധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

### ജനകീയ സമരങ്ങൾക്ക് പിന്തുണ

വയനാട് ജില്ലയിലെ ചീപ്പാട്, കാവുംമന്ദം, ബത്തേരി എന്നിവിട ങ്ങളിലെ ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യശാലകൾക്ക് മുമ്പിൽ നടക്കുന്ന ജനകീയ സമരങ്ങൾക്ക് രൂപതാ സമിതി പിന്തുണ പ്രഖ്യാപിച്ചു. ചീപ്പാട് ആദിവാസി സമൂഹത്തിന്റെ നേതൃത്വത്തിലാണ് സമരപരിപാടികൾ. ജനകീയ സമരത്തെ തകർക്കാൻ ശ്രമിക്കുന്ന ജന ദ്രോഹ നടപടികളിൽ സമിതി പ്രതിഷേധിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ആനിമേറ്റർ സി. ജോവിറ്റ, സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. പി. എ. ജെയിംസ് എന്നിവർ സമരസ്ഥലങ്ങൾ സന്ദർശിക്കുകയും സമരത്തിൽ പങ്കാളികളാവുകയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

### മദ്യവിരുദ്ധ - മദ്യവിമുക്ത കുടുംബ സംഗമം

മദ്യവിരുദ്ധ രംഗത്ത് പ്രവർത്തിക്കുന്നവരുടെയും മദ്യപാനാസക്തി യിൽ നിന്ന് മോചനം ലഭിച്ചവരുടെയും രൂപതാതല കൺവെൻഷൻ 2013 ആഗസ്റ്റ് മാസത്തിൽ ദ്വാരകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായാണ് കൺവെൻഷൻ സംഘടി പ്പിക്കുന്നത്.

### ബോധവൽക്കരണ സെമിനാർ

യുവജനക്ഷേമവകുപ്പ് ബത്തേരിയിലെ കൊളഗപ്പാറ ക്രസന്റ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യുവജന ക്യാമ്പിൽ ലഹരിവസ്തു ക്കളും സമൂഹവും എന്ന വിഷയത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് എടുത്തു. വയനാട് ജില്ലയിലെ വിവിധ ക്ലബ്ബുകളെ പ്രതിനിധീകരിച്ച് 150 ൽ പരം യുവതീയുവാക്കൾ സെമിനാറിൽ പങ്കെടുത്തു.

## സമ്മർ ഫെസ്റ്റ്, റൊഗാത്തെ സെമിനാരി

ചുള്ളിയാന റൊഗാത്തെ സെമിനാരിയിൽ വെച്ച് സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ച സമ്മർ ഫെസ്റ്റിൽ 'ലഹരി സംസ്കാരം, മരണ സംസ്കാരം' എന്ന വിഷയത്തെക്കുറിച്ച് ഏപ്രിൽ 22-ാം തീയതി രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സെടുത്തു. നൂറ്റി ഇരുപതോളം കുട്ടികൾ ക്ലാസ്സിൽ പങ്കെടുത്തു. അവസരം തന്ന സെമിനാരിയിലെ അച്ചന്മാർക്ക് പ്രത്യേകം നന്ദി.

**ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ**

പ്രസിഡണ്ട്

---



## ജയിൽ മിനിസ്ട്രി

2013 ഏപ്രിൽ 21 ന് ആടിക്കൊല്ലി പള്ളിയിൽ നിന്നും ബഹു. അബ്രാഹം നാടുകുന്നേലച്ചന്റെ നേതൃത്വത്തിൽ മിഷൻലീഗ് അംഗങ്ങൾ വൈത്തിരി സബ്ജയിൽ സന്ദർശിച്ചു. മിഷൻ ചൈതന്യത്തോടെ വ്യത്യസ്ത കഴിവുകളുടെ പ്രകാശനമായി ഈ സന്ദർശനം. തടവറയിലുള്ളവർക്ക് മാനസികോല്ലാസമേകുന്ന കലാപരിപാടികൾ ഈ കുഞ്ഞുമിഷനറിമാർ അവതരിപ്പിച്ചിട്ട് ആസ്വദിക്കുന്നതോടൊപ്പം തന്നെ, കലാകഴിവുകൾ പ്രകടിപ്പിക്കാനും തടവറ മക്കൾക്കു കഴിഞ്ഞു. കുഞ്ഞുമിഷനറിമാർക്ക് ഈ സാഹചര്യം ഒരുക്കിക്കൊടുത്ത ബഹു. നാടുകുന്നേലച്ചനും ഇടവകയിലെ ബഹു. SABS സിസ്റ്റേഴ്സിനും രൂപത ജീസസ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**ഫാ. ബിനു പൈനുങ്കൽ**

ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

### SWS വാർഷികാഘോഷം

സോഷ്യൽ വെൽഫയർ സൊസൈറ്റി, വെള്ളൂന്നിയുടെ പതിനാറാമത് വാർഷികാഘോഷം ഏപ്രിൽ 6-ാം തീയതി സമുചിതമായി നടത്തി. പേരാവൂർ നിയോജകമണ്ഡലം MLA അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. റവ. ഫാ. ജോസ് കൊട്ടാരം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പൈലി വാദ്ധ്യാട്ട് 16 വർഷമായി SWS നെ നയിച്ചുകൊണ്ടിരിക്കുന്ന ശ്രീ. കുര്യാച്ചൻ കാട്ടുതുരുത്തിയെ ആദരിച്ചു. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. സി. ബിൻസി, കോർഡിനേറ്റർമാരായ ശ്രീ. കെ. ഒ. ജോയി, വൽസാ തോമസ് എന്നിവർ ആശംസകളർപ്പിച്ചു. ശ്രീ. ജോണി നെല്ലിമല സ്വാഗതവും, ശ്രീ. ബാബു താന്നിപ്പിള്ളി നന്ദിയും രേഖപ്പെടുത്തി.

വാകേരി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ 7-ാമത് വാർഷികാഘോഷം ഏപ്രിൽ 7-ാം തീയതി റവ. ഫാ. തോമസ് പ്ലാശനാൽ ഉദ്ഘാടനം ചെയ്തു. SWS പ്രസിഡണ്ട് ശ്രീ. ഇ.ഡി. തോമസ് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർമാരായ കെ. ഒ. ജോയി, സുജ ജോയി, സുജ മാത്യു എന്നിവർ ആശംസകളർപ്പിച്ചു. ശ്രീ. കെ. എം. ജോസ് സ്വാഗതവും, ശ്രീ. എൻ. എം. തോമസ് നന്ദിയും പറഞ്ഞു.

### പഠനയാത്ര നടത്തി

WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിയുടെ നേതൃത്വത്തിൽ ഏപ്രിൽ 10-ാം തീയതി പൂക്കോട് വെറ്റിനറി സർവ്വകലാശാലയിലേക്ക് SWS നേതൃത്വനിരയെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പഠനയാത്ര നടത്തി. ഡോ. സലിം പുരുഷോത്തമൻ പശുപരിപാലനയെക്കുറിച്ച് ക്ലാസ്സ് എടുത്തു. ഡയറിഫാം, ഗോട്ട് ഫാം, പൂക്കോട്തടാകം എന്നിവിടങ്ങളിൽ സംഘം സന്ദർശനം നടത്തി.

## വരുമാന വർദ്ധക പരിപാടികൾ

വരുമാന വർദ്ധക പരിപാടികളുടെ ഭാഗമായി സോപ്പ്, സോപ്പ് പൊടി, മെഴുകുതിരി, വിക്സ്, ഫിനോയിൽ, ഹാർപിക്, ലിക്വിഡ് സോപ്പ്, ലൈസോൾ, വിനാഗിരി, നീലം, സ്റ്റാർച്ച് തുടങ്ങിയവ കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി സ്വാശ്രയ സംഘങ്ങൾക്ക് പരിശീലന പരിപാടികൾ നടത്തിവരുന്നു. ഏപ്രിൽ മാസം പയ്യമ്പള്ളി, തവിഞ്ഞാൽ, അമ്പായത്തോട്, പ്രശാന്തഗിരി എന്നീ SWS യൂണിറ്റുകളിൽ പരിശീലനം നൽകി.

## SAFP

SAFP യുടെ മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എറണാകുളം SAFPI - ൽ നിന്നും Ms. Shinto (Regional Programme Officer) 16, 17 തീയതികളിൽ കബനിഗിരി, കോട്ടത്തറ എന്നീ സെന്ററുകളിൽ സന്ദർശനം നടത്തി. SAFP കുടുംബാംഗങ്ങൾക്കുവേണ്ടിയുള്ള റീജിയണൽ മീറ്റിംഗ് 23-05-2013 ന് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ചെന്നലോട് വെച്ചും 25-05-13 ന് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വെച്ച് പുൽപ്പള്ളിയിലും ചേരാൻ തീരുമാനിച്ചു. കൂടാതെ ആനിമേറ്റേഴ്സ് ഓരോ സെന്ററുകളിലും നിന്ന് baseline data collect ചെയ്ത് കുടുംബങ്ങളുടെ വിവരശേഖരണം നടത്തി. മെയ് മാസത്തിൽ ഉപകാരിക്ക് അയയ്ക്കേണ്ട കത്തുകളുടെ ശേഖരണം പൂർത്തിയാക്കി. വിവിധ വരുമാനവർദ്ധക പദ്ധതി അനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട 5 കുടുംബങ്ങൾക്ക് 69000/- രൂപ നൽകി പദ്ധതിക്ക് ആരംഭം കുറിച്ചു.

## ബയോഗ്യാസ് പ്രോഗ്രാം

പാടിച്ചിറ, ഏച്ചോം, ഒഴുക്കൻമൂല, പടമല, ചെറുകാട്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ 3 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 2 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തെ ബയോഗ്യാസ് പ്ലാന്റുകളുടെ പുതിയ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. ഈ വർഷവും പ്ലാന്റുകൾക്ക് 8000/- രൂപ നിരക്കിൽ സബ്സിഡി ലഭിക്കുന്നതാണ്.

## 'വോഫ'

വോഫയുടെ ആഭിമുഖ്യത്തിൽ ജൈവ കർഷകർക്കായി നൂതനവും ശാസ്ത്രീയവുമായ കൃഷിരീതിയെക്കുറിച്ച് ഫലപ്രദമായ പരിശീലനപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എല്ലാ മാസവും ഗ്രൂപ്പ്

മീറ്റിംഗുകൾ സജീവമായി നടത്തിവരുന്നു. കർഷകർക്കാവശ്യമായ ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ വിതരണം ചെയ്യുന്നതിനുവേണ്ടി ക്രമീകരണം ചെയ്തു വരുന്നു.

## ഫാഷൻ ഡിസൈനിംഗ്-പ്രവേശനം ആരംഭിച്ചു

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തിക്കൊണ്ടിരിക്കുന്ന ദ്വിവർഷ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനം തുടരുന്നു. SSLC അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള 15 വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാവുന്നതാണ്. ജൂൺ അവസാനം ക്ലാസ്സുകൾ ആരംഭിക്കുന്ന ഈ കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## സമഗ്ര നീർത്തട വികസന പദ്ധതി സന്ദർശിച്ചു

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ WSSS തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന വിവിധ നീർത്തട വികസന പദ്ധതികൾ വിലയിരുത്തുന്നതിനായി നബാർഡ് RSO ടീം അംഗങ്ങളായ ശ്രീ. ധനേഷ്, ശ്രീ. പവിത്രൻ മാവിലായി, കുമാരി ബുഷറ എന്നിവർ നീർത്തട പ്രദേശം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## പങ്കെടുത്തു

നബാർഡ് നീർത്തട വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിൽ വെച്ച് നടത്തിയ അവലോകന യോഗത്തിൽ WSSS ജനറൽ കോർഡിനേറ്റർ ശ്രീ. ജോസ്. പി. എ. പങ്കെടുത്തു.

## നേതൃത്വ പരിശീലന ക്യാമ്പ്

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ (WADI-I) ഭാഗമായി SHG ഭാരവാഹികൾക്കുവേണ്ടി 2 ദിവസത്തെ നേതൃത്വ പരിശീലന പരിപാടി ഏപ്രിൽ 26, 27 തീയതികളിലായി ബോയ്സ് ടൗണിൽ വെച്ച് സംഘടിപ്പിച്ചു. റവ. ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. ഒ. പി. അബ്രാഹം, ശ്രീ. ബൈജു ഐസക്,

ശ്രീ. പി. എ. ജോസ്, ശ്രീ. കെ. പി. ബാബു, ശ്രീ. ഷാജു മോൻ എന്നിവർ നേതൃത്വം നൽകി.

**ക്ലസ്റ്റർ യോഗങ്ങൾ നടത്തി**

'WADI-II' പദ്ധതിയുടെ ഭാഗമായി തവിഞ്ഞാൽ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദീകരിക്കുന്നതിന് പഞ്ചായത്തിലെ വിവിധ കോളനികളിൽ ക്ലസ്റ്റർ യോഗങ്ങൾ സംഘടിപ്പിച്ചു. ശ്രീ. പി. എ. ജോസ്, ശ്രീ. ബൈജു ഐസക്, ശ്രീ. ഷാജു മോൻ എന്നിവർ നേതൃത്വം നൽകി.

**ആസൂത്രണ യോഗം നടത്തി**

ബോയ്സ് ടൗണിൽ വെച്ച് ഏപ്രിൽ 10-ാം തീയതി നടത്തപ്പെട്ട ആസൂത്രണയോഗത്തിൽ തവിഞ്ഞാൽ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആദിവാസി വികസന പദ്ധതിയെക്കുറിച്ചുള്ള വിവരണം ശ്രീ. പി. എ. ജോസ് നൽകി.

**പങ്കെടുത്തു**

വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന 'ആത്മ' പ്രോജക്ടിനെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കല്പറ്റ കലക്ട്രേറ്റിൽ വച്ച് നടന്ന അവലോകനയോഗത്തിൽ ശ്രീ. പി. എ. ജോസ് പങ്കെടുത്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

---

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത മേഖലയിലെ തൊളിലാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കേരളാ ലേബർ മൂവ്മെന്റ് മാനന്തവാടി രൂപതാഘടകം 1813 തൊഴിലാളികൾക്ക് അംഗത്വം നൽകുകയും വിവിധ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്തു. മെയ്മാസം 5-ാം തീയതി താമരശ്ശേരിയിൽ വെച്ചു നടന്ന KLM സോണൽ മീറ്റിംഗിൽ KLM മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ജനറൽ സെക്രട്ടറി ശ്രീമതി ആലീസ്, പ്രസിഡണ്ട് ശ്രീ. ബിജു പോൾ, കമ്മറ്റി അംഗം ശ്രീ. പൈലി എടാട്ട് എന്നിവർ പങ്കെടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

**Tidings May 2013**

- Wedding Bells rung for the following Guest Faculty, Ms Radha, Ms Ramya, and Ms Babitha of the Dept of Maths.
- The Ten Days' Workshop to *Enhance English* Proficiency organized by the Internal Quality Assurance Cell of the College for the Teaching and Administrative Teams and led by Dr V.C. George SJ ended on 8 May.
- The Reaccreditation Report (RAR) of the College to be submitted to the National Assessment and Accreditation Council (NAAC) is uploaded on the Website of the College, which is being updated.
- The Principal inaugurated the *Career Guidance Seminar* for the Students from High School to College Going organized by the Jana Maithri Police, Mananthavady at the Newman's College on 6 May.
- The University Exams of both the III & II Yr students are over. The II Sem Exams of the I Years have started on 14 May.
- The Regular Classes for the II & III Year Students will commence on Monday, 10 June.
- This year the Applications for New Admissions have been made available on the Web Site of the College: www.marymathacollege.org As usual, there has been a lot of rush for admissions. The Admission Processing Committee has been at work in preparing the Rank List to be published on the 1 June. Interview is likely to start by the 10 June, and the Classes by the 26 June. Ragging is banned on the College premises, and anyone found guilty of or encouraging the same is liable to be punished as per the UGC and Supreme Court directives. If anyone needs help, while frequenting the College for Admission Purposes, may inform the College Office.
- The Principal Agricultural Officer, Wayanad has sanctioned Rs.43,600/- to the NSS Units of the College for the *Project submitted for Vegetable*

*Cultivation* under the Vegetable Development Program. Sri Regi Francis and Sri Sabu O.J. has been coordinating the Project.

- The UGC has invited for the Draft Proposal for Various Projects during the XII Five Year Plan Period. Dr Maria Martin Joseph, the Coordinator of the UGC Projects is asked to prepare the Draft Proposal to be placed before the IQAC and the College Council in early June for discussion and recommendation to the Infrastructure Committee.
- The UGC has sanctioned Rs.75,000/- to Dr P.K. Prasadan, Associate Prof. of Zoology for organizing Research Workshop/ Symposia entitled *Application of Statistical Methods in Bio-Science Research.*
- Rev. Fr Chandy, the Manager has left for a ten days' Tour to the Holy Land. Sri George Sebastian, Administrative Staff has accompanied him.
- Both the Manager and the Principal attended the Send Off given to the Procurator, Rev. Dr Garvasis Mattam at the Bishop's House. The College Community gratefully acknowledges the special care and concern Fr Garvasis had in the development of the College.

**Dr. Raju George**
Principal

## CHRISTIAN CIVIC SERVICE SOCIETY (CCSS)

### പ്ലസ് ടു വിജയികൾക്ക് പ്രൊഫഷണൽ ഓറിയന്റേഷൻ പ്രോഗ്രാം

പ്ലസ് ടു പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും അനുയോജ്യമായ പഠനവഴികളെ കുറിച്ച് ഗൈഡൻസ് നിൽകുന്നതിനായി ജില്ലയിലെ നാലു ബ്ലോക്കുകളിലും പ്രൊഫഷണൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.

ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്മെന്റ്, ദീപിക ദിനപത്രം, ക്രിസ്ത്യൻ സിവിക് സർവ്വീസ് സൊസൈറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി നടത്തിയത്.

കുട്ടികളുടെ അഭിരുചിക്കും താത്പര്യത്തിനും ഗ്രേഡിനും അനുയോജ്യമായ കോഴ്സുകളെ സംബന്ധിച്ച കാര്യങ്ങളിൽ അത്യാവശ്യം വേണ്ട അറിവുകളുടെ പോരായ്മ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിനയായി ഭവിക്കാറുണ്ട്. ജില്ലയിലെ നാലു കേന്ദ്രങ്ങളിലായി നടത്തപ്പെട്ട ഓറിയന്റേഷൻ പ്രോഗ്രാം ഈ അവസ്ഥയ്ക്ക് പരിഹാരമാവും.

സുൽത്താൻ ബത്തേരി ബ്ലോക്കിൽ മെയ് 15-ന് ബത്തേരി അസംപ്ഷൻ ഹൈസ്കൂളിലും, മാനന്തവാടി ബ്ലോക്കിൽ 17-ന് മാനന്തവാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലും, പനമരം ബ്ലോക്കിൽ 18-ന് പുൽപ്പള്ളി വിജയ ഹയർ സെക്കണ്ടറി സ്കൂളിലും, കല്പറ്റ ബ്ലോക്കിൽ 20-ന് കല്പറ്റ ഡിപോൾ ഇംഗ്ലീഷ് മീഡിയം സ്കൂളിലും വെച്ചുമാണ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടത്.

**ഫാ. ബാബു മാപ്ലശേരി**
ജനറൽ സെക്രട്ടറി CCSS

## Programme




# PASTORAL CENTRE, DWARAKA

**June 2013**

| | | |
|---|---|---|
| 01S | - | Zion CRC : Prayer Day; Christeen Prayer Day |
| 03M | - | CML Executive |
| 07F | - | Jesus Youth : Night Vigil |
| 08S | - | CML Roopatha Council;<br>Jesus Youth:Prayer Day |
| 08S - 09S | - | Catechism Teachers' Training |
| 11T | - | Marian Singles |
| 14F - 17M | - | Marriage Preparation Course |
| 15S - 16S | - | Catechism Teachers' Training |
| 18T | - | CMA and W Commission Joint Executive |
| 21F - 23S | - | Catechism Teachers' Training |
| 23S - 27T | - | Zion : Retreat |
| 29S - 30S | - | Catechism Teachers' Training |

**Rev. Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***JUNE 2013***

| | | |
|---|---|---|
| *1* | *Sat Morning.....* | *Ambayathode: Blessing of School* |
| | *Afternoon .........* | *Appapara: Blessing of Presbytery* |
| *2* | *Sun ................* | *Eucharistic Adoration in the Cathedral* |
| *3* | *Mon 7 Fri ........* | *Ernakulam : KCBC* |
| *8* | *Sat ....................* | *Out of Station* |
| *10* | *Mon ..............* | *Beenachi: MSFS House Blessing* |
| *11* | *Tue .................* | *Mananthavady : Blessing of SH Convent & Counselling Centre* |
| *13* | *Thu 14 Fri ......* | *Out of Station* |
| *16* | *Sun ...................* | *Vellamunda : Pastoral Visit* |
| *17* | *Mon ................* | *Kaniyaram : Ordination of Dn. Prince Mekkatt MI* |
| *18* | *Tue ...................* | *Edivanna: Ordination of Dn. Jomin Vempenickal MI* |
| *19* | *Wed .................* | *Engaged* |
| *20* | *Thu 21Fri ........* | *Out of Station* |
| *22* | *Sat ....................* | *Thonichal SKD Generalate : Superiors Meet* |
| *23* | *Sun ...................* | *Vazhavatta : Pastoral Visit* |
| *24* | *Mon ................* | *Visitors' Day* |
| *25* | *Tue .................* | *Meeting of Forane Vicars* |
| *26* | *Wed ................* | *Meeting of the Directors of Institutions* |
| *27* | *Thu .................* | *Meeting with state level Vocation Promotors* |
| *28* | *Fri 29 Sat ..........* | *Out of Station* |
| *30* | *Sun .................* | *Vilambukandam : Pastoral Visit* |

***JULY 2013***

| | | |
|---|---|---|
| *4 Thu* | .......... | *Kurumbala : Ordination of Dn. Francis Mancheriyil PSDP* |
| *10 Wed* | ................ | *Visitors' Day* |
| *13 Sat* | ................ | *Kalpetta : CCSS Leaders Seminar* |
| *16 Tue 18 Thu* | ......... | *Aluva : Conference of Oriental Canon Law Society* |
| *19 Fri* | .................... | *Out of Station* |
| *20 Sat 22 Mon* | ........ | *Bangalore : CBCI Labour Commission Meeting* |
| *24 Wed* | ................ | *Visitors' Day* |